കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി-4)1329/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/12/2025
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 10/12/2025

കെ.എസ്.എ.ടി.എസ്.ആർ(പി-4)1329/25

തൃശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-07-2024 മുതൽ 08-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	09-09-2025	16-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-09-2025	16-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സീനത്ത് പി. എ. (ഓഡിറ്റ് ഓഫീസർ, ഹ. ഗ്രേ)
സിനിലാൽ. എം. ജി. (ഓഡിറ്റ് ഓഫീസർ)
നിലൂഫർ ബി. ഐ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ധന്യ ദിലീപ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
കൃഷ്ണ പി. എസ്. (ഓഡിറ്റർ)
പ്രജുല ഇ.ബി (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ചന്ദ്രബാബു ടി. കെ.	പ്രസിഡന്റ്	01-04-2024	31-03-2025
ബിനോയ് ടി.	സെക്രട്ടറി	01-04-2024	12-09-2024
സുഹാസ് സി. എം.	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-09-2024	07-10-2024
സനീഷ് കെ. വി.	സെക്രട്ടറി	08-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സുഹാസ് സി. എം.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	07-10-2024
റോബിൻസൺ കെ. ജെ.	അസിസ്റ്റന്റ് സെക്രട്ടറി	08-10-2024	31-01-2025
സിന്ധു എം. കെ.	അസിസ്റ്റന്റ് സെക്രട്ടറി	01-02-2025	31-03-2025
സചന പി. സി.	കൃഷി ഓഫീസർ	01-04-2024	29-12-2024
മേഘ	കൃഷി ഓഫീസർ	30-12-2024	31-03-2025
സിബി സോമു	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ. രാഗി ആർ.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2024	31-03-2025
ഷിനി പി. എം.	വി.ഇ.ഒ. (എടത്തിരുത്തി സർക്കിൾ)	01-04-2024	31-03-2025
പ്രജിത പ്രകാശ് കെ.	വി.ഇ.ഒ. (ചെന്ത്രാപ്പിന്നി സർക്കിൾ)	01-04-2024	31-03-2025
നിഷി പി. ദേവദാസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഷീബ സി. കെ.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
അശ്വിൻരാജ് സി.	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2024	31-03-2025
മഞ്ജുള മനോഹരൻ	ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, പെരുമ്പടപ്പു)	01-04-2024	31-03-2025
അതുല്യ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല	1-1-1
3	നഗരസഞ്ചയ പദ്ധതിയുടെ ചെലവു തുകയായ 7,90,694 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടില്ല	1-1-2
4	ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-3
5	Income And Expenditure Account പ്രകാരം മിച്ചതുക (Gross Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി	1-1-4
6	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-5
7	കുടിശ്ശിക തുകക്ക് അനുസ്യതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല	1-1-6
8	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-7
9	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-8
10	ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ	1-1-9
11	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-10
12	ബജറ്റ്	1-2
13	ഫണ്ട് വിനിയോഗം	1-3
14	പദ്ധതി അവലോകനം	1-4
15	തൊഴിലുറപ്പ് പദ്ധതി	1-5
16	ക്ഷേമപെൻഷനുകൾ	1-6
17	ക്യാഷ് പരിശോധന	1-7
18	ആഭ്യന്തര നിയന്ത്രണം	1-8
19	തൊഴിൽ നികുതി-അപാകങ്ങൾ	1-9
20	ലൈസൻസ്- അപാകങ്ങൾ	1-10
21	ലേലം -തുടർനടപടികൾ അറിയിക്കേണ്ടതാണ്	1-11
22	വിനോദനികുതി ഈടാക്കിയതിലുള്ള അപാകങ്ങൾ	1-12
23	ടർഫിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല	1-13
24	അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്.	1-14
25	നമ്പറിങ്ങ് ഫയൽ പരിശോധന-അപാകങ്ങൾ	1-15
26	ക്രമവല്ക്കരണം -തുടർനടപടികൾ സ്വീകരിച്ചില്ല	1-16
27	അനധികൃത നിർമാണം- തുടർനടപടികൾ സ്വീകരിച്ചില്ല	1-17
28	മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്	1-18
29	വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ-വിതരണം പൂർത്തിയായില്ല	1-19
30	തനത് വരുമാന വൗച്ചറുകൾ പരിശോധിച്ചത്- അപാകങ്ങൾ	1-20

31	കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം	1-21
32	ചാമക്കാല കോസ്റ്റൽ പാർക്ക് നവീകരണവും, വിപുലീകരണവും-കോസ്റ്റ് ഫോർഡിന് തുക നൽകി-ഡി.പി.ആർ.ലഭിച്ചിട്ടില്ല.	1-22
33	പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമാക്കിയില്ല-തുടർ നടപടി സ്വീകരിക്കണം	1-23
34	മുദ്രവില ഈടാക്കിയതിൽ കുറവ്-തുടർ നടപടി സ്വീകരിക്കണം	1-24
35	ലൈഫ് ഫ്ളാറ്റ് നിർമ്മാണത്തിന് ഭൂമി വാങ്ങിയത് പ്രയോജനപ്പെടുത്തിയിട്ടില്ല	1-25
36	മുട്ടക്കോഴി വിതരണം-ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല	1-26
37	അഫിലിയേഷൻ ഇല്ലാത്ത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തു	1-27
38	എസ്.എസ്.കെ പ്രത്യേകഘടക പദ്ധതി വിഹിതം-ഗുണഭോക്താക്കൾക്ക് വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല	1-28
39	തെരുവുനായ്ക്കളുടെ വാക്സിനേഷൻ നടപ്പാക്കിയില്ല	1-29
40	ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-30
41	അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം ചെലവാക്കിയിട്ടില്ല-തുടർ നടപടി സ്വീകരിക്കേണ്ടതാണ്.	1-31
42	മൃഗാശുപത്രി മെയിന്റനൻസ് ബാക്കി ഭാഗം -അധിക തുക നൽകിയത് ഓഡിറ്റ് എൻകൗയറിയെ തുടർന്ന് തിരികെ അടവാക്കി	1-32
43	സ്മാരകം റോഡ് മെയിന്റനൻസ്-പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല	1-33
44	എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല	1-34
45	മത്സ്യതൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും - പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് മാത്രമായി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങി	1-35
46	ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല	1-36
47	ജലരക്ഷ ജീവരക്ഷ- രാമൻകുളം പുനരുദ്ധാരണം-അധിക നിരക്ക് നൽകി - ഓഡിറ്റ് എൻകൗയറിയെ തുടർന്ന് തുക തിരികെ അടവാക്കി	1-37
48	ആയുർവ്വേദാശുപത്രി മെയിന്റനൻസ്-പഴയ പ്രതലത്തിൽ പെയിന്റിംഗ് നടത്തുന്നതിന് പുതിയ പ്രതലത്തിന് നൽകുന്ന നിരക്ക് നൽകി	1-38
49	മണ്ണ് കുഴിക്കുന്നതിന് എസ്റ്റിമേറ്റിൽ കൂടിയ നിരക്കുള്ള ഇനം ഉൾപ്പെടുത്തി	1-39
50	വൃദ്ധർക്ക് കട്ടിൽ വിതരണം-എസ്.സി.	1-40
51	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-41
52	ജലജീവൻ മിഷൻ അവലോകനം	1-42
ഭാഗം 2		
1	വിനോദനികുതി ഈടാക്കിയതിലുള്ള അപാകങ്ങൾ	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4

5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17.06.25 ലെ 21-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 04.07.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി :10.12.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1-1-1 മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

2024-25 വർഷത്തിൽ KSEB എന്ന സ്ഥാപനത്തിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവ്വഹണ ഏജൻസി	പ്രൊജക്ട് നമ്പറും പേരും	വൗച്ചർ നമ്പർ/ തീയതി	മുൻകൂർ നൽകിയ തുക	ഫണ്ടിനം	ചെലവ് ബുക്ക് ചെയ്ത ശീർഷകം	ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം

1	KSEB	109/25-എടത്തിരുത്തിഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	42401697/24-03-2025	1,20,570	വികസന ഫണ്ട് – ജനറൽ	251200001-Electric Line-Post Re-Arrangement	460500202-Advance To Implementing Agencies-Deposit With KSEB
			42401296/31-03-2025	1,34,000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്		
2	KSEB	177/25-സ്ട്രീറ്റ് ലൈൻ വലിക്കൽ	42401467/13-12-2024	33,116	വികസന ഫണ്ട് – എസ്.സി.പി	**415100001-Streetlights-Line Extension For Existing Street Lights**	460500202-Advance To Implementing Agencies-Deposit With KSEB

(ഓഡിറ്റ് എൻകൗയറി നമ്പർ 17/15.09.2025)

1-1-2 നഗരസഞ്ചയ പദ്ധതിയുടെ ചെലവു തുകയായ 7,90,694 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നമ്പ്രാട്ടിത്തോട് സൈഡ് പ്രൊട്ടക്ഷൻ-എന്ന പദ്ധതിക്ക്(പ്രോജക്ട് നം: 209/25) 20 ലക്ഷം രൂപ നഗരസഞ്ചയ പദ്ധതി പ്രകാരം വകയിരുത്തിയിരുന്നു. മേൽ പദ്ധതിക്ക് 2024-25 വർഷത്തിൽ അനുവദിച്ച 7,90,694 രൂപ അസി. എഞ്ചിനീയറുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാട്ടൂർ ശാഖയില 37305802938 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ആവുകയും ആയതിൽ 5,18,203 രൂപ തൻവർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഞ്ചയ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിനു ലഭിക്കുകയും ചെലവഴിക്കുകയും ചെയ്ത മേൽ തുകയുടെ വരവ് ചിലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

(ഓഡിറ്റ് അന്വേഷണം- 31/16.09.25)

1-1-3 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ചുവടെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
450210101	State Bank Of India(41731671892)	6,00,000

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2025-26 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകൗയറി നമ്പർ 17/15.09.2025)

1-1-4 Income And Expenditure Account പ്രകാരം മിച്ചതുക (Gross Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Gross Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		25,95,34,770
ആകെ ചെലവ് (B)		26,35,50,827
മിച്ചം തുക C= A-B		(-) 40,16,057
Prior Period Income (I-19)	45,661	

Prior Period Expenditure (I-18)	(-)91,302	
Net Difference Between Prior Period Income And Expenses (D)		1,36,963
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		-38,79,094

എന്നാൽ D = (-)45,641 എന്നും E = (-)39,70,416 എന്നുമാണ് വാർഷിക കണക്കിലെ Income And Expenditure Accountൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. (ഓഡിറ്റ് എൻകൗയറി നം-17/15.09.2025)

1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ തുകകൾ എന്ന ഇനത്തിൽ ചെലവഴിക്കാൻ 31.03.2025ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

ക്രമനമ്പർ	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17		
	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	320200104	Development Fund - Central Finance Commission Grant - Basic Tax Grant	27,66,078	450210102	FEDERAL BANK-(12580100166195)	96,15,214
	320200113	Development Fund - Central Finance Commission Grant –Tied Fund	68,17,365 Total 95,83,443			
2	320100196	Integrated Child Development Scheme	39,47,893	450210101	Canara Bank(ICDS) (0780101063742)	37,01,966

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻകൗയറി നമ്പർ 17/15.09.2025)

1-1-6 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻകൗയറി നമ്പർ 17/15.09.2025)

1-1-7 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)2,03,59,725 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1,92,84,752 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻകൗയറി നമ്പർ 17/15.09.2025)

1-1-8 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻകയറി നമ്പർ 17/15.09.2025)

1-1-9 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

എ) **അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

2024-25ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ സംബന്ധിച്ച് സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവ പ്രതിമാസം സെക്രട്ടറി തയ്യാറേക്കേണ്ടതും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന വാർഷിക കണക്കിൽ ചേർക്കേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർനം./തീയതി	ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക
110100101-Property Tax On Residential Buiding	42401788/ 31-03-2025	4,096,877
110100102-Property Tax On Non Residential Buiding	42401795 / 31-03-2025	2,812,824
140110101-Licence Fees For Factories, Traders, Entepreneuors And Other Services	42401900/ 31-03-2025	239,200
110200105-Profession Tax- Traders	42401899/ 31-03-2025	571,640.00
110200101-Profession Tax-Institutions	42401901/ 31-03-2025	120,000
130100101-Rent From Building	42401818/ 31-03-2025	48,132

ബി) **ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സി) **Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല.**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം “Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും , വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും

അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്കിഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18,I-19)	31/3/2025 ലെ ലെഡ്ജർ ബാക്കി
190100101-Prior Period Income – Property Tax	11,203
190200101-Prior Period Income – Rent From Building	13,608

(ഓഡിറ്റ് എൻകൃയറി നമ്പർ 17/15.09.2025)

1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻകൃയറി നമ്പർ 17/15.09.2025)

1-2 ബജറ്റ്

പാസ്സാക്കിയ തിയതി	09.02.2024	
കമ്മിറ്റി തീരുമാനം	4-ാം നമ്പർ തീരുമാനം	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	28,76,59,996	28,11,04,925
റിവൈസ്ഡ് ബജറ്റ് **(2024-25)**		
പാസ്സാക്കിയ തിയതി	22.03.2025	
കമ്മിറ്റി തീരുമാനം	4-ാം നമ്പർ തീരുമാനം	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	41,40,47,057	38,96,95,425

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ	0	2,18,33,000	2,18,33,000	2,18,33,000	0
വികസന ഫണ്ട്-എസ്.സി.പി	0	1,13,89,000	1,13,89,000	1,13,89,000	0
വികസന ഫണ്ട്-ടി.എസ്.പി	0	0	0	0	0
മെയിന്റനൻസ്, റോഡ്	0	1,89,85,000	1,89,85,000	1,70,34,066	19,50,934
മെയിന്റനൻസ്, നോൺ-റോഡ്	0	32,48,000	32,48,000	32,44,584	3,416
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) ബാങ്ക്	42,79,279	36,78,336	79,57,615	58,26,159	21,31,456
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) ട്രഷറി	0	58,094	58,094	0	58,094
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Grant) ബാങ്ക്	32,66,169	79,09,500	1,11,75,669	43,58,304	68,17,365

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Grant) ട്രഷറി	0	9,00,629	9,00,629	5,53,593	3,47,036
സാക്ഷരത (New India Literacy Fund)	1,800	0	1,800	0	1,800
ദുരിതാശ്വാസനിധി	0	0	0	0	0
TSC	7,42,811	8,85,871	16,28,682	14,36,281	1,92,401
ICDS	22,56,337	25,91,846	48,48,183	9,00,290	39,47,893
നിർമ്മൽ പുരസ്കാരം	619	0	619	0	619
Biodiversity	1,750	0	1,750	1,750	0
Health Grant (Support For Diagnostic)	9,36,098	4,39,536	13,75,634	8,79,342	4,96,292
Health Grant (Conversion Of Subcentres)	3,05,179	6,58,551	9,63,730	3,12,938	6,50,792
MP Fund	0	5,27,846	5,27,846	5,27,846	0
Donation For Pandemic Epidemic In Control	12,080	0	12,080	0	12,080
ശുചിത്വ മിഷൻ	23,28,120	0	23,28,120	1,75,851	21,52,269
ലൈഫ് മിഷൻ (State Share)	1,00,000	17,00,000	18,00,000	11,50,000	6,50,000
Others(Including Vimukthi)	55,474	0	55,474	0	55,474

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
314	21,07,19,188	269	13,46,38,280	63.89%	85.66

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	16,93,630	16,93,630	16,88,942	4,688
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	1,65,04,255	1,65,04,255	1,65,04,255	0
മെറ്റീരിയൽ കോസ്റ്റ്	0	30,18,659	30,18,659	30,18,659	0
ആകെ		2,12,16,544	2,12,16,544	2,12,11,856	4,688

1-6 ക്ഷേമപെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവുതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	32,46,400	190
വിധവാപെൻഷൻ	2,25,19,400	1455
വാർദ്ധക്യകാല പെൻഷൻ	4,44,66,100	2685
വികലാംഗപെൻഷൻ	50,80,300	322
50വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	13,42,200	85

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	30,000	1

1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2025 തീയതിയിൽ 3.20 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,688 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-9 തൊഴിൽ നികുതി-അപാകങ്ങൾ

1. തദ്ദേശസ്വയംഭരണ (ആർ സി) വകുപ്പിന്റെ 27/6/2024 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1149/2024 എൽ എസ് ജി ഡി ഉത്തരവ് പ്രകാരം തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് 2024 രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യം വരുത്തി ഉത്തരവിറക്കിയിരുന്നു . പുതുക്കിയ നിരക്കുകൾ താഴെ ചേർക്കുന്നു.

ക്രമ നം	അർദ്ധ വാർഷിക വരുമാനം	നിലവിലുള്ള നിരക്ക്	പുതുക്കിയ നിരക്ക്
1	11,999 വരെ	ഇല്ല	ഇല്ല
2	12,000 – 17,999	120	320
3	18,000 – 29,999	180	450
4	30,000 – 44,999	300	600
5	45,000 – 99,999	450/600/750	750
6	1,00,000 – 1,24,999	1,000	1,000
7	1,25,000 മുതൽ	1,250	1,250

എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള വർദ്ധനവ് വരുത്താതെയാണ് ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു

ക്രമ നം	സ്ഥാപനം	ജീവനക്കാരന്റെ പേര്	2-ാം അർദ്ധവാർഷിക വരുമാനം	ഈടാക്കിയ തൊഴിൽ നികുതി (2-ാം അർദ്ധവർഷം	ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി (2-ാം അർദ്ധവർഷം	വ്യത്യാസം
1	ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വിസസ് ലിമിറ്റഡ്	നിമിത ടി.എം	67,631	600	750	150
2	അൽ-ഇക്ബാൽ മെഡിസിറ്റി , ചെന്ത്രാപ്പിന്നി	ഷഹാന	48,000	600	750	150

കൂടാതെ ആദ്യ അർദ്ധ വർഷത്തിൽ ചെന്ത്രാപ്പിന്നി ഈസ്റ്റ് പോസ്റ്റ് ഓഫീസിലെ ജീവനക്കാരിയായ മഞ്ജുഷ കെ.എം എന്നവരിൽ നിന്നും ഈടാക്കേണ്ടിയിരുന്നത് 1250 രൂപയാണ് (അർദ്ധവാർഷിക വരുമാനം 125460 രൂപ) എന്നാൽ തൊഴിൽ നികുതി ഫയൽ ,രജിസ്റ്റർ എന്നിവ

പരിശോധച്ചതിൽ നിന്ന് 1000 രൂപ മാത്രം അടവാക്കിയാതായി കാണുന്നു.

മേൽ അപാകതക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നമ്പർ: 6/11.09.2025) -ക്ക് മേൽ ജീവനക്കാരിൽ നിന്ന് ശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരം നടപടി സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്.ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ , തൊഴിൽനികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുക്കാരിൽ താഴെ പറയുന്നവർ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ലഭ്യമായിരുന്നില്ല. കരാറുക്കാരുടെ പേരുകൾ താഴെ ചേർക്കുന്നു.

ക്രമ നം.	പേര്
1	സിദ്ദിഖ് പി.ബി. , കഴിമ്പ്രം
2	ജമാൽ സി.എ, ചെന്ത്രാപ്പിന്നി
3	കെ.കെ.മുരളി , പെരിഞ്ഞനം
4	ബാലഗോപാൽ .ഇ, ചാമക്കാല
5	ഹാഷിം എം.എം,ചളിങ്ങാട്
6	ജോണി.കെ.ടി, ചാലക്കുടി
7	പ്രജിത്ത്.കെ.പി, മാമ്പുള്ളി

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ : 5/09.09.2025) നൽകിയിരുന്നു. ആയതിന് മറുപടിയായി പരാമർശം (3) പ്രകാരമുള്ള വ്യക്തി ഒരു അർദ്ധവർഷത്തേക്കുള്ള തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. രണ്ടാം അർദ്ധവർഷത്തിൽ ടിയാൾ പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കുറയാതെ പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതും ആയതിന്റെ രസീത് ഹാജരാക്കേണ്ടതുമാണ്. പരാമർശം (1), (2), (4) എന്നിവർക്ക് തൊഴിൽ നികുതി അടവാക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. പരാമർശം (5), (6), (7) എന്നിവർ മറ്റ് പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതിനാൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുവാൻ അറിയിപ്പ് നൽകിയിട്ടുണ്ട് എന്നിങ്ങനെ മറുപടി അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ അനന്തര നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-10 ലൈസൻസ്- അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ' പ്രകാരം 2024-25 സാമ്പത്തിക വർഷം ആകെ 613 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ കോഡ് പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം	എണ്ണം
1	ഷോപ്പുകൾ	1181
2	ഹോട്ടലുകൾ	31
3	സലൂൺ/സ്പാ	21

4	കശാപ്പുശാലകൾ	11
5	ഓഫീസ് കെട്ടിടങ്ങൾ	128
6	ഓഡിറ്റോറിയം	7
7	മാർക്കറ്റ്	5
8	ഹെൽത്ത് ഇൻസ്റ്റിറ്റ്യൂഷൻസ്	45
	ആകെ	1429

ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 1429 സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആകെ 613 സ്ഥാപനങ്ങൾക്കു മാത്രമേ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് കൊണ്ട് സമർപ്പിച്ച ഓഡിറ്റ് എൻകുയറിക്ക് (നം.12/15.9.2025) മറുപടിയായി 2024-25 സാമ്പത്തിക വർഷം ആകെ 613 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും, ആകെയുള്ള 1429 സ്ഥാപനങ്ങളിൽ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ, പ്രവർത്തന രഹിതമായി ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ ഉൾപ്പെടുന്നതിനാൽ ആയവയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നും കൂടാതെ ഒന്നിലധികം കെട്ടിട നമ്പറുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും, 1429 സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുണ്ടെന്നും, ഫീൽഡ് പരിശോധനയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-11 ലേലം -തുടർനടപടികൾ അറിയിക്കേണ്ടതാണ്

IHDP കോളനി പരിസരത്തുള്ള ഇലഞ്ഞി, ബദാം, പഞ്ഞി (വാല്യുവേഷൻ തുക -2460 രൂപ) , വാർഡ് 3 ലെ തേക്ക് മരം, മഞ്ചാടി, ഞാവൽ (വാല്യുവേഷൻ തുക – 9781 രൂപ) എന്നിവ പലതവണ ലേലം നടത്തിയിട്ടും ആരും തയ്യാറാകാത്ത സാഹചര്യത്തിൽ തുടർനടപടിയുടെ ഭാഗമായി കമ്മ്യൂട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് (28.12.2024ലെ തീരുമാനം നം. 4/1). ആയതിന്റെ തുടർനടപടിവിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മരങ്ങളുടെ ലേലം നടത്തി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.26/16.9.2025)

1-12 വിനോദനികുതി ഈടാക്കിയതിലുള്ള അപാകങ്ങൾ

ശ്രീ മുരുകാ മൂവീസ് ചെന്ത്രാപ്പിന്നി, സിനിമ തിയേറ്ററിന്റെ 2024 ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള വിനോദ നികുതി ഈടാക്കിയതിലുള്ള അപാകതകൾ താഴെ ചേർക്കുന്നു. 31.01.2024 ലെ സ.ഉ (കൈ)നം 17/2024/LSGD പ്രകാരം 100 രൂപയോ അതിൽ കുറവോ പേയ്മെന്റ് ഫോർ അഡ്മിഷൻ ഉള്ള ടിക്കറ്റുകൾക്ക് 5% വും 100 രൂപയിൽ കൂടുതൽ ഉള്ള ടിക്കറ്റുകൾക്ക് 8.5% വും ആണ് വിനോദനികുതിയായി ഈടാക്കേണ്ടത്. ശ്രീ മുരുക തീയേറ്ററിലെ ടിക്കറ്റ് വില വിനോദനികുതി (5 രൂപ) ഉൾപ്പെടെ 120 രൂപയാണ്. വിനോദനികുതിയായ 5 രൂപ ഒഴിവാക്കിയാൽ ടിക്കറ്റ് ചാർജ് 115 രൂപയാണ്. മേൽ ഉത്തരവ് പ്രകാരം വിനോദനികുതി ആയി ഈടാക്കേണ്ട തുക ടിക്കറ്റ് ചാർജിന്റെ 8.5% ആയ 9.775 രൂപയാണ്(115x8.5%=9.775) . വിനോദനികുതി രജിസ്റ്റർ പരിശോധിച്ചത് അനുസരിച്ച് 8.5% നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. 2024 ഏപ്രിൽ മാസം മുതൽ സെപ്തംബർ മാസം വരെ അടവാക്കിയ വിനോദനികുതിയിൽ 1,47,315 രൂപ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	മാസം	തൻ മാസം വിറ്റഴിച്ച ടിക്കറ്റുകളുടെ എണ്ണം	ഈടാക്കേണ്ടിയിരുന്ന വിനോദനികുതി	പഞ്ചായത്തിൽ അടവാക്കിയ വിനോദനികുതി (രസീതി നം.1240302177/23.10.2024, തുക : 16153 രൂപ)	വ്യത്യാസം
1	ഏപ്രിൽ 2024	5,654	55,268	5,654	49,614
2	മെയ് 2024	3,249	31,759	3,249	28,510
3	ജൂൺ 2024	1,919	18,758	1,449	17,309

4	ജൂലൈ 2024	1,157	11,310	1,157	10,153
5	ആഗസ്റ്റ് 2024	1,164	11,378	1,164	10,214
6	സെപ്തംബർ 2024	3,580	34,995	3,480	31,515
ആകെ					**1,47,315**

മേൽ അപാകത്തിന് വീശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻകൃയറി നമ്പർ : 11/12.09.2025) വിനോദനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ള തുക അടവാക്കുന്നതിന് സ്ഥാപന ഉടമയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 ടർഫിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല

വസ്തുനികുതി പരിഷ്കരണ ഉത്തരവ് സ.ഉ.(അച്ചടി)നം.25/2023/LSGD തീ.05.04.23 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ വിജ്ഞാപനം ചെയ്തതിനെ തുടർന്ന് എടത്തിരുത്തി ഗ്രാമ പഞ്ചായത്തിൽ ടർഫുകൾക്ക് ഒരു ച.മീറ്ററിന് 35 രൂപ എന്ന നിരക്ക് നിശ്ചയിച്ചിട്ടുണ്ട്(തീരുമാനം നമ്പർ:1/3.7.2023). പഞ്ചായത്ത് പരിധിയിൽ വെബ്സൈറ്റിൽ ഉൾപ്പെടെ പരസ്യപ്പെടുത്തി Strides Sports Academy Turf (വാർഡ് 2) പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൻ പ്രകാരം ടർഫിൽ നിന്നും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ടർഫിന്റെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തതിന് കാരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.15/15.9.2025). ടർഫിന് ചട്ടപ്രകാരം നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ മറ്റ് ടർഫുകൾ/ജിംനേഷ്യങ്ങൾ/സ്വിമ്മിങ്ങ് പൂൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും അവയ്ക്ക് നികുതി നിശ്ചയിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

1-14 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് വകുപ്പ് സെക്ഷൻ 207(1)(ബിഎ) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ടി വ്യവസ്ഥ 2023-ലെ 18-ാം ആക്റ്റ് (28.03.2023-ലെ നമ്പർ 15(2)/ലെഗ്.എ2/2023/നിയമം) പ്രകാരം 01.04.2023 തീയ്യതി പ്രാബല്ല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. ആയതുപ്രകാരം അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്.

1)സഞ്ചയ സോഫ്റ്റ്വെയർ പരിശോധനയിൽ ചെന്ത്രാപ്പിന്നി ഹയർ സെക്കണ്ടറി സ്ക്കൂൾ, SNവിദ്യാഭവൻ, ചെന്ത്രാപ്പിന്നി എന്നീ അൺ എയ്ഡഡ് സ്ക്കൂളുകളുടെ വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ രേഖകൾ സമർപ്പിച്ചതിനെ തുടർന്ന് പഞ്ചായത്തിൽ നിന്നും 31.5.2024-ൽ അനുവദിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരവും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരവും ഉള്ള വിസ്തീർണത്തിൽ വ്യത്യാസമുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചെന്ത്രാപ്പിന്നി ഹയർ സെക്കണ്ടറി സ്ക്കൂൾ (അൺ എയ്ഡഡ്, കെട്ടിടനം .XIII/126)		
	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിസ്തീർണം	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വിസ്തീർണം
Ground Floor	1258.48 ച.മീ	400 ച.മീ
First Floor	1258.48 ച.മീ	
Second Floor	1258.48 ച.മീ	
Terrace Room (Sheet Roof)	2146.4 ച.മീ	
Total	5921.85 ച.മീ	

ഏരിയയിലെ വ്യത്യാസം	5921.85ച.മീ-400ച.മീ=5521.85 ച.മീ (അധിക നിർമാണം)

സ്ക്കൂൾ	കെട്ടിടനം	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വിസ്തീർണം	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിസ്തീർണം
SN വിദ്യാഭവൻ, ചെന്ത്രാപ്പിന്നി	XI/532	110 ച.മീ	Block 1-2396 ച.മീ Block 2-1723.60 ച.മീ Block 3-1755.65 ച.മീ Science Block -682.08 ച.മീ Library Block -947.48 ച.മീ
,,	XI/533	50 ച.മീ	
,,	XI/534	2700 ച.മീ	
,,	XI/535	600 ച.മീ	
,,	XI/536	170 ച.മീ	
,,	XI/537	1800 ച.മീ	
,,	XI/538	1800 ച.മീ	
,,	XI/539	170 ച.മീ	
Total	-	7400 ച.മീ	7504.81 ച.മീ
ഏരിയയിലെ വ്യത്യാസം	7504.81 ച.മീ-7400 ച.മീ = 104.81 ച.മീ (അധിക നിർമാണം)		

കുറിപ്പ്: -ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റിൽ ക്ലാസ്സ് റൂമുകളുടെ Inner Area യാണ് കൊടുത്തിട്ടുള്ളത്. അതേ ഏരിയതന്നെയാണ് മേൽ പട്ടികകളിൽ ചേർത്തിട്ടുള്ളത്.

2.ചെന്ത്രാപ്പിന്നി എൽ.കെ.ജി., യു.കെ.ജി. സ്ക്കൂളിന്റേയും വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ (കെട്ടിട നം. XIII/127) സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വിസ്തീർണം 250 ച.മീ ആണ്. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിസ്തീർണം ലഭ്യമല്ല.

01.04.2023 ലെ നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 22-03-2023 ലെ സ.ഉ.(കൈ) നം.77/2023/LSGD, ഖണ്ഡിക 10 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫീൽഡ് പരിശോധന മേൽ സ്ഥാപനങ്ങളിൽ നടത്തി കൂട്ടിച്ചേർക്കലുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ, ചെന്ത്രാപ്പിന്നി ഹയർ സെക്കണ്ടറി സ്ക്കൂൾ, SNവിദ്യാഭവൻ ചെന്ത്രാപ്പിന്നി എന്നീ സ്ഥാപനങ്ങളിലെ അനധികൃത അധിക നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, ക്രമനം.1,2 എന്നിവയിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം. 14/15.9.2025).

സ്ഥലപരിശോധന നടത്തി കെട്ടിടങ്ങളുടെ വിസ്തീർണത്തിൽ കൃത്യത വരുത്തി കെട്ടിടം ക്രമവല്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതി ഒഴിവാക്കിയ സ്ക്കൂൾ കെട്ടിടങ്ങളിൽ നിന്നും 2023-24 വർഷം മുതലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അനധികൃത അധിക നിർമാണം നടത്തിയ കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകി കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-15 നമ്പറിങ്ങ് ഫയൽ പരിശോധന-അപാകങ്ങൾ

കുഞ്ഞിക്കമ്മു, തളിക്കുളം ഹൗസ് എന്നവർ നമ്പറിങ്ങിനായി സമർപ്പിച്ച ഫയൽ (ഫയൽ നം.4618/24) പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

കുഞ്ഞിക്കമ്മു, തളിക്കുളം ഹൗസ് എന്നവർക്ക് 305/1-17, 305/1-19 എന്നീ സർവെ നമ്പരുകളിൽ ഉത്തരവ് നം.SC4-BA(53678)/2023, തീയതി:9.2.2023 പ്രകാരം 773.93 ച.മീ കെട്ടിടത്തിന് (അസംബ്ലി & വാണിജ്യം) പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പരിവർത്തിതഭൂമി ആയതിനാൽ 3000 ചതുരശ്ര അടിയിൽ കൂടുതലുള്ള വിസ്തീർണത്തിന് 100 രൂപ നിരക്കിൽ ഫീസ് അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

19.11.2024ലെ SC4/2487/2022 നമ്പർ ഒക്യുപൻസി സർട്ടിഫിക്കറ്റ് പ്രകാരം 914.55 ച.മീ കെട്ടിടത്തിനാണ് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. ഫയർ ആന്റ് റസ്ക്യു ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. എന്നാൽ വീണ്ടും ഉടമസ്ഥൻ Revised & Completed Plan സമർപ്പിക്കുകയും അതുപ്രകാരം 1029.21ച.മീ കെട്ടിടം നിർമിച്ചതായും കാണുന്നു. റിവൈസ്ഡ് പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്ലോട്ട് ഏരിയ	സർവെ നം	വിസ്തീർണം	ഭൂമിയുടെ തരം
2428ച.മീ	305/1-17	486 ച.മീ	പരിവർത്തിത ഭൂമി
	305/1-19	496 ച.മീ	പരിവർത്തിത ഭൂമി
	302/3	930ച.മീ	പരിവർത്തിത ഭൂമി
	305/1-3	343ച.മീ	പരിവർത്തിത ഭൂമി

Assembly Building	Ground Floor	222.40ച.മീ
	First Floor	292.06ച.മീ
	Second Floor	292.06ച.മീ
	Terrace Floor	54.13ച.മീ
	Parking	72.41ച.മീ
Commercial Building	Ground Floor	96.15ച.മീ
Total		1029.21ച.മീ

മേൽ സൂചിപ്പിച്ച 956.8ച.മീ(പാർക്കിങ്ങ് ഒഴികെ) കെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിച്ചിട്ടുമുണ്ട്.

<u>അപാകങ്ങൾ</u>

1.ഒക്യുപൻസി സർട്ടിഫിക്കറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണം 914.55 ച.മീറ്ററും എന്നാൽ നമ്പർ അനുവദിച്ചിട്ടുള്ളത് 956.8ച.മീ കെട്ടിടത്തിനുമാണ് .

2. പെർമിറ്റിൽ അധികരിച്ച് നിർമിച്ച കെട്ടിടത്തിന് പരിവർത്തിതഭൂമിയിൽ അടവാക്കേണ്ട നിശ്ചിത ഫീസ് അടവാക്കിയതിന്റെ വിവരം ഫയലിൽ ഇല്ല.

3. ഒറ്റതവണ നികുതി വില്ലേജിൽ അടവാക്കിയതിന്റെ രേഖ ഇല്ല.

4. ഫയർ ആന്റ് റസ്ക്യു ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാതെയാണ് കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുള്ളത്.

5.അസി.ലേബർ ഓഫീസറുടെ 19.11.2024 തീയതിയിലെ നം. LACO-0015224-2024 അസസ്സ്മെന്റ് നോട്ടീസിലും 914.55ച.മീ കെട്ടിടത്തിനാണ് സെസ്സ് നിശ്ചയിച്ചിട്ടുള്ളത്.

6.SK പാലസ് എന്ന പേരിലുള്ള ടി സ്ഥാപനത്തിന്റെ വെബ്സൈറ്റ് മുഖേനയുള്ള പരസ്യത്തിൽ 500 പേർ ഉൾക്കൊള്ളാവുന്ന A/C Hall, 300 പേർ ഉൾക്കൊള്ളാവുന്ന A/C Party Hall എന്നിവ ഉണ്ട്. എന്നാൽ കെട്ടിടത്തിന്റെ നികുതി നിർണയിച്ചപ്പോൾ എയർ കണ്ടീഷനിങ്ങിനുള്ള വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല. (സെൻട്രലൈസ്ഡ് എയർ കണ്ടീഷനിങ്ങ് സംവിധാനം കെട്ടിടത്തിൽ ഉണ്ടോയെന്ന് സ്ഥലപരിശോധന നടത്തി വ്യക്തത വരുത്തേണ്ടതാണ്).

7. പ്ലാനിൽ കാണിച്ചിട്ടുള്ള സർവെ നമ്പറുകൾ പ്രകാരം ആകെ പ്ലോട്ട് ഏരിയ 2255ച.മീ ആണ്, എന്നാൽ പ്ലാനിൽ ആകെ പ്ലോട്ട് ഏരിയ 2428ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എടത്തിരുത്തി വില്ലേജ് ഓഫീസറുടെ 20.6.2024ലെ 86418296 നമ്പർ പൊസഷൻ സർട്ടിഫിക്കറ്റിൽ സർവെ നം.305/1-14നഞ്ച (0.0173 Ha) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്, ടി പ്ലോട്ടിൽ കെട്ടിടം ഉൾപ്പെട്ടിട്ടുണ്ടോയെന്നത് സർവെ സ്കെച്ചിൽ നിന്നും വ്യക്തമല്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 വകുപ്പ് 27(എ) അനുസരിച്ച് ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതിരിക്കുകയും ഭൂമിയുടെ തരം നഞ്ച എന്ന റവന്യൂ രേഖകളിൽ രേഖപ്പെടുത്തുകയും ചെയ്താൽ ആർ.ഡി.ഒ.-യിൽ നിന്നും ഭൂമി തരം മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൂമിഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിന്റെ വിവരം അല്ലാത്തപക്ഷം ഭൂമി തരം മാറ്റിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

അപാകങ്ങൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.16/16.9.2025). ക്രമനം.1മുതൽ 6 വരെയുള്ള

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സർവെ നം.305/1-14 ഭൂമിയിൽ ടി കെട്ടിടം ഉൾപ്പെടുകയും ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതിരിക്കുകയും തരം മാറ്റം വരുത്താത്തതുമാണെങ്കിൽ കെട്ടിടത്തെ അനധികൃത നിർമാണത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നികുതി പുനർനിർണയിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 ക്രമവല്ക്കരണം -തുടർനടപടികൾ സ്വീകരിച്ചില്ല

ക്രമവല്ക്കരണത്തിനായി സമർപ്പിച്ച ഫയലുകളിൻമേൽ തുടർനടപടികൾ സ്വീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം./ ഉടമസ്ഥന്റെ പേര്	റിമാർക്സ്	ന്യൂനതകൾ
1	4711/24- ഷാബു & ജയശ്രീ സർവെ നം. 73/5 പ്ലോട്ട് ഏരിയ-121 ച.മീ കെട്ടിടത്തിന്റെ ഏരിയ- 46.18ച.മീ (വാണിജ്യം)	14/11/2024ലെ 400732/BRRL01/GA/2024/4711/(1) നമ്പർ കത്തിലൂടെ ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.	സമർപ്പിച്ചിരിക്കുന്ന പ്ലാൻ പ്രകാരം നോർത്ത് സൈഡിൽ സെറ്റ് ബാക്ക് ലഭ്യമല്ലാത്തതിനാൽ സമീപ പ്ലോട്ട് ഉടമയുടെ സമ്മതപത്രം വച്ചിട്ടില്ല, ചട്ടം 29,34പ്രകാരമുള്ള വിവരങ്ങൾ ലഭ്യമല്ല, ചട്ടം 42(1), 76 പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.
2	**4931/24 -** ഷിഹാബ് തലശ്ശേരിക്കാരൻ സർവെ നം. 56/6-1,56/6-9 പ്ലോട്ട് ഏരിയ-488 ച.മീ കെട്ടിടത്തിന്റെ ഏരിയ-431.38ച.മീ (റെസിഡെൻഷ്യൽ)	27/11/2024ലെ 400732/BRRL01/GA/2024/4931/(1) നമ്പർ കത്തിലൂടെ ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.	ചട്ടം 42 ഭിന്നശേഷി ക്കർക്ക് റാമ്പ്, ടോയ്ലറ്റ് എന്നിവയിലെ അപാകത, ചട്ടം 90 ടു വീലർ പാർക്കിങ്ങ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു, ചട്ടം 76,79 പ്രകാരമുള്ള സംവിധാനങ്ങൾ ഇല്ല തുടങ്ങിയവ
3	**388/25 -** അസ്മ&അസ്മാബി അറക്കവീട്ടിൽ സർവെ നം.177/1-14,1-2 (നഞ്ച) പ്ലോട്ട് ഏരിയ-536ച.മീ കെട്ടിടത്തിന്റെ ഏരിയ-109.79ച.മീ (റെസിഡെൻഷ്യൽ)	27/02/2025ലെ 400732/BRRL01/GA/2025/388/(1) നമ്പർ കത്തിലൂടെ ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.	കെട്ടിടനിർമാണം നടത്തിയിട്ടുള്ള ഭൂമി വില്ലേജ് രേഖകൾ പ്രകാരം നഞ്ച എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ടി ഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെടുന്നു, അതിനാൽ RDO യുടെ അനുമതി പ്രകാരം ഭൂമി തരം മാറ്റിയാൽ മാത്രമേ അപേകഷ പരിഗണിക്കാനാകൂ എന്നറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ഫയലുകളിൻമേൽ തുടർനടപടികൾ സ്വീകരിച്ച് വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നം.33/16.9.2025)

1-17 അനധികൃത നിർമാണം- തുടർനടപടികൾ സ്വീകരിച്ചില്ല

ഫയൽ നം. 389/24

സുഹാസ് നന്ദൻ, മണപ്പുറം ഫിനാൻസ്, വാഴപ്പുള്ളി എന്നവർ 809.24ച.മീ റെസിഡെൻഷ്യൽ & കൊമേഴ്സ്യൽ കെട്ടിടത്തിന്റെ ക്രമവല്ക്കരണത്തിനായി സമർപ്പിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സർവെ നം:25/1-13(1619ച.മീ-നഞ്ച), 25/1-8(3668ച.മീ-Converted Land) ,24/3 (1376ച .മീ-Converted Land)

പ്ലോട്ട് ഏരിയ: 6663ച.മീ

നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം- 118 ച.മീ

ക്രമവൽക്കരിക്കേണ്ട കെട്ടിടത്തിന്റെ വിവരങ്ങൾ

Building No.1	40.59 ച.മീ
Building No.2	41.70 ച.മീ
Building No.3	179.51 ച.മീ
Building No.4 (Ground Floor)	72.44 ച.മീ
Building No.4(First Floor)	58.84 ച.മീ
Building No.5(Ground Floor)	258.1 ച.മീ
Building No.5(First Floor)	158.06 ച.മീ
ക്രമവൽക്കരിക്കേണ്ട കെട്ടിടങ്ങളുടെ ആകെ വിസ്തീർണം	809.24ച.മീ

22.5.2024 ലെ 400732/BRRL01/GA/2024/389/(1) നമ്പർ കത്തിൽ സൂചിപ്പിച്ച താഴെ പറയുന്ന ന്യൂനതകൾ പരിഹരിച്ചിട്ടില്ലെന്ന് സൂചിപ്പിച്ച് 27/02/2025ൽ സെക്രട്ടറി 400732/BRRL01/GA/2024/389/(2) നമ്പർ കത്ത് ഉടമസ്ഥന് അയച്ചിട്ടുണ്ട്.

ന്യൂനതകൾ

1. നിലവിലുള്ള കെട്ടിട നമ്പർ 1/47, 1/45എന്നിവയോട് ചേർന്നും ക്രമവല്ക്കരിക്കാനായി തന്നിരിക്കുന്ന Building No.1,2,3,4,5 എന്നിവയോട് കൂടി ചേർന്നും GI ഷീറ്റ് റൂഫ്,GI സ്കൂയർ പൈപ്പ് എന്നിവ ഉപയോഗിച്ച് അനധികൃത നിർമാണം നടത്തിയിട്ടുണ്ട്.

2.Fire Fighting Arrangements സാധ്യമാക്കിയതിനുശേഷം Appendix L ലുള്ള Self Declaration സമർപ്പിച്ചിട്ടില്ല.

3.ചട്ടം 42പ്രകാരം ഭിന്നശേഷിക്കാർക്ക് വേണ്ടുന്ന സൗകര്യങ്ങൾ ക്രമവല്ക്കരിക്കേണ്ട കെട്ടിടങ്ങളിൽ ഒരുക്കിയിട്ടില്ല.

4.നിലവിലുള്ള കെട്ടിടങ്ങളായ കെട്ടിടനം.1/45, 1/47 എന്നീ കെട്ടിടങ്ങളുടെ വിസ്തീർണം യഥാക്രമം 80.1ച.മീ, 27.61 ച.മീ എന്നിങ്ങനെയാണ് സമർപ്പിച്ച പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണവുമായി പൊരുത്തപ്പെടുന്നില്ല.

മേൽ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കാത്ത പക്ഷം അനധികൃത നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. കൂടാതെ 24.4.2023ലെ എടത്തിരുത്തി വില്ലേജിൽ കരം ഒടുക്കിയ രസീതിയിൽ സർവെ നം.25/1-13 -1619ച.മീ ഭൂമി നഞ്ച എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 വകുപ്പ് 27(എ) അനുസരിച്ച് ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതിരിക്കുകയും ഭൂമിയുടെ തരം നഞ്ച എന്ന റവന്യൂ രേഖകളിൽ രേഖപ്പെടുത്തുകയും ചെയ്താൽ ആർ.ഡി.ഒയിൽ നിന്നും ഭൂമി തരം മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരവും ഫയലിൽ ലഭ്യമായില്ല(ഓഡിറ്റ് അന്വേഷണം നം.35/16.9.2025).

അനധികൃത നിർമാണം നടത്തിയ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കുടിശ്ശിക സഹിതം വസ്തുനികുതിയായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.

1) പ്രൊജക്ട് നമ്പർ-19/25 (ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ - 2,50,000 (വികസനഫണ്ട് ജനറൽ)
ചെലവ് – 2,50,000 (വികസനഫണ്ട് ജനറൽ)
വൗച്ചർ നമ്പർ : 42401413/27.9.2024
മേൽ പദ്ധതിയിൽ മരുന്ന് വാങ്ങലിനായി ഹോംകോയ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

പ്രൊഫോർമ ഇൻവോയ്സ്	തുക	ലഭിച്ച മരുന്ന് (ഇൻവോയ്സ് നം/തുക)
PRF-107/24.07.2024	2,50,000	LF3104/26.03.2025- 1,00,573 രൂപ
		LF511/26.06.2025-3,154 രൂപ
		LF930/26.07.2025-51,840 രൂപ
		LF2336/25.01.2025-89,740 രൂപ
		ആകെ -2,45,307 രൂപ

ബാക്കി തുകയായ 4,693 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) പ്രൊജക്ട് നമ്പർ-20/25(സാന്ത്വന പരിചരണ പരിപാടി)

അടങ്കൽ : 16,26,140{5,57,000(വികസനഫണ്ട് ജനറൽ) + 1,69,140(തനത് ഫണ്ട്) + 4,00,000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) + 5,00,000 (ജില്ലാപഞ്ചായത്ത് വിഹിതം)}
ചെലവ് : 15,20,664 {4,93,324(വികസനഫണ്ട് ജനറൽ) + 1,27,340(തനത് ഫണ്ട്) + 4,00,000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) + 5,00,000 (ജില്ലാപഞ്ചായത്ത് വിഹിതം)}
A)വൗച്ചർ നമ്പർ :42401417/1.10.2024 , തുക : 1,74,943 രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. PRF-1205/13.09.24)
മേൽ വൗച്ചർ പ്രകാരം 45,358രൂപ KMSCLന് കൈമാറിയിട്ടുള്ളതിൽ 2,945രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.
ലഭ്യമായ മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു

ക്രമ നം	ഇൻവോയ്സ് നം/തീയതി	തുക
1	332/2.5.2025	21,078
2	191/22.4.2025	1,574
3	1215/3.12.2024	11,103
4	1633/21.1.2025	8,658
	ആകെ	42,413

B)വൗച്ചർ നമ്പർ :42401439/19.11.2024 , തുക : 4,19,239രൂപ
മേൽ വൗച്ചർ പ്രകാരം 3,08,647രൂപ KMSCLന് കൈമാറിയിട്ടുള്ളതിൽ 72,712രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.
വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊഫോർമ ഇൻവോയ്സ് , തുക	ലഭിച്ച മരുന്ന് (ഇൻവോയ്സ് നം/തുക)
PRF-1692/22.10.2024, 3,08,647രൂപ	22/5.04.2025- 20,652രൂപ
	2050/27.02.2025-1,01,233 രൂപ
	1702/30.01.2025-58,050 രൂപ
	276/28.04.2025-56,000 രൂപ
	ആകെ-2,35,935രൂപ

KMSCLൽ നിന്നും ബാക്കി തുകയ്ക്കുള്ള (2,945 + 72,712=75,657 രൂപ) മരുന്നുകൾ ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം

നം.13/15.9.2025).

1-19 വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ-വിതരണം പൂർത്തിയായില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1) പ്രൊജക്ട് നമ്പർ-261/25 (വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ)
ഫണ്ട് - വികസനഫണ്ട്-ജനറൽ
അടങ്കൽ - 1,00,000 രൂപ
ചെലവ് - 65,058 രൂപ
വൗച്ചർ നമ്പർ :42401463/12.12.2024

മേൽ പദ്ധതിയിൽ HLL Life Care Limited-ൽ നിന്നും ഇൻവോയ്സ് നം.9423054730/30.10.2024 പ്രകാരം 65,058 രൂപയ്ക്ക് 209 മെൻസ്ട്രുവൽ കപ്പുകൾ (സ്മോൾ -42 എണ്ണം, മീഡിയം- 158 എണ്ണം, ലാർജ്-9 എണ്ണം) വാങ്ങിയിട്ടുണ്ട്.

2)പ്രൊജക്ട് നമ്പർ-24/25 (വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ)
ഫണ്ട് - വികസനഫണ്ട്-ജനറൽ
അടങ്കൽ - 50,000 രൂപ
ചെലവ് - 11,999 രൂപ
വൗച്ചർ നമ്പർ :42401486/19.12.2024

മേൽ പദ്ധതിയിൽ HLL Life Care Limited ൽ നിന്നും ഇൻവോയ്സ് നം9423055363/30.11.2024 പ്രകാരം 11,999 രൂപയ്ക്ക് 40 മെൻസ്ട്രുവൽ കപ്പുകൾ
(സ്മോൾ-5 എണ്ണം, മീഡിയം- 15 എണ്ണം, ലാർജ്-20 എണ്ണം) വാങ്ങിയിട്ടുണ്ട്.

രണ്ടു പ്രൊജക്ടുകളിലും കൂടി 249 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയതിൽ 234 എണ്ണം വിതരണം ചെയ്തിട്ടുള്ളതിന്റെ രേഖകളാണ് ഫയലിൽ ഉള്ളത്. ബാക്കി 15 എണ്ണം വിതരണം നടത്തിയിട്ടില്ല. അവ 2025-26 പദ്ധതിയോടൊപ്പം വിതരണം നടത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.13/15.9.2025). മെൻസ്ട്രുവൽ കപ്പുകൾ വിതരണം നടത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-20 തനത് വരുമാന വൗച്ചറുകൾ പരിശോധിച്ചത്- അപാകങ്ങൾ

ആദായ നികുതി നിയമം 1961, റൂൾ 194(C) പ്രകാരം വ്യക്തികളിൽ നിന്നും 1% വും സ്ഥാപനങ്ങളിൽ നിന്ന് 2% വും എന്ന നിരക്കിലാണ് വരുമാനനികുതി ഈടാക്കേണ്ടത്. തനത് വരുമാന വൗച്ചറുകൾ പരിശോധിച്ചതിൽ TRYNET Solutions, Kattur എന്ന സ്ഥാപനത്തിൽ നിന്നും 1% വരുമാനനികുതി മാത്രമെ ഈടാക്കിയിട്ടുള്ളൂ . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.
ഉദാ:

ക്രമ നമ്പർ	പരിശോധന നടത്തിയ മാസം	ബില്ല് തുക	ഈടാക്കിയ വരുമാന നികുതി (1% നിരക്ക്)	ഈടാക്കേണ്ടിയിരുന്ന വരുമാന നികുതി (2% നിരക്ക്)
1	ആഗസ്റ്റ് 2024	8,200 5,635 10,000 735 24,570	245.7	491.4
2	ആഗസ്റ്റ് 2024	39,800	398	796
3	സെപ്തംബർ 2024	1,050 1,100 2,150	21.5	43
4	ഡിസംബർ 2024	735	77.55	155.1

		5,485 800 735 7,755		
5	ഡിസംബർ 2024	3,800	38	76
6	ഫെബ്രുവരി 2025	1,575 1,575 1,500 1,090 1,195 985 7,920	79.20	158.40

ആയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻകയറി നമ്പർ : 37/17.09.2025), സ്ഥാപനത്തിന് നൽകിയ വൗച്ചറുകളിൽ നിന്ന് 2% വരുമാന നികുതി ഈടാക്കുന്നിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-21 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം.356/25 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസിന് തുക നൽകൽ

വകയിരുത്തിയ തുക 50,000

ചെലവഴിച്ച തുക 50,000 (വികസന ഫണ്ട് ജനറൽ)

വൗച്ചർ നം.42401655/17.03.2025

28.05.2022ലെ സ.ഉ.(കൈ)നം. 115/2022/ത.സ്വ.ഭ.വ. മാർഗ്ഗരേഖ ഖണ്ഡിക 7.1.2. (ബി).(2) പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഒരു കുട്ടിയ്ക്ക് 50,000 രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ മെയിന്റനൻസ് 2023-24 മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നിർവ്വഹിക്കുന്നതിനാൽ യൂണിറ്റ് കോസ്റ്റായി മാർഗ്ഗരേഖയിൽ നിശ്ചയിച്ച തുക സാമ്പത്തിക വർഷം ആദ്യം തന്നെ SHAയുടെ 330100580000015 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും പ്രസ്തുത കുട്ടിയുടെ പരാമർശിക്കപ്പെട്ടിട്ടുള്ള ആവശ്യത്തിലേക്കായി വിനിയോഗിച്ച് സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് നൽകുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്കും നിർദ്ദേശം നൽകി 09.11.2023-ൽ നം. ഡി.ബി.1/284/2023-ത.സ്വ.ഭ.വ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ജിസിൻ എം.ഷാജി എന്ന കുട്ടിയുടെ കോക്ലിയാർ ഇംപ്ലാന്റിന്റെ മെയിന്റനൻസിനായി തുക കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 20.02.2025ലെ ഭരണ സമിതി 1(9) നമ്പറായി തീരുമാനമെടുക്കുകയും മേൽ വൗച്ചർ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. (ഓഡിറ്റ് എൻകയറി നം. 38/17.09.2025) തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 ചാമക്കാല കോസ്റ്റൽ പാർക്ക് നവീകരണവും, വിപുലീകരണവും-കോസ്റ്റ് ഫോർഡിന് തുക നൽകി-ഡി.പി.ആർ.ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ട് നം.335/25 ചാമക്കാല കോസ്റ്റൽ പാർക്ക് നവീകരണവും, വിപുലീകരണവും

വകയിരുത്തിയ തുക 2,50,000

ചെലവഴിച്ച തുക 2,12,400

വൗച്ചർ നം.42400561/18.10.2024

ഗ്രാമപഞ്ചായത്തിന്റെ 9ാം വാർഡിലെ ചാമക്കാല കോസ്റ്റൽ പാർക്ക് നവീകരണത്തിനായി ഡി.പി.ആർ (Detailed Project Report) തയ്യാറാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.01.2024-ലെ SC-3-6035/23കത്ത് പ്രകാരം കോസ്റ്റ്ഫോർഡിനോട് ആവശ്യപ്പെട്ടിരുന്നു. ഡി.പി.ആർ തയ്യാറാക്കുന്നതിനായി കരാറിലേർപ്പെടുന്നതിനും, 90 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന നവീകരണ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ്, എസ്റ്റിമേറ്റ്, ഡിസൈൻ, ഡ്രോയിംഗ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നതിനുമായി 28.4.2021ലെ ജി.ഒ.(പി)നം.67/2021/Fin ഉത്തരവ് ഖണ്ഡിക7(3) പ്രകാരം 2% തുകയും ആയതിന്റെ 18% GSTതുകയും ഉൾപ്പെടെ തുക നൽകുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.03.2024 ലെ നം. കോസ്റ്റ്ഫോർഡ്/ എടത്തിരുത്തി/3350/2024 കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ആയത് 10.06.24 ലെ ഭരണസമിതി 7(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച്13/2024-25/02.09.2024 നമ്പറായി കരാറിൽ ഏർപ്പെട്ടു. കരാറിലെ വ്യവസ്ഥ 12 പ്രകാരം കരാറിലേർപ്പെട്ട തിയതി മുതൽ ഒരു മാസത്തിനകം ഡി.പി.ആറിന്റെ കരട് സമർപ്പിക്കുന്നതിനും അന്തിമ ഡി.പി.ആർ രണ്ടു മാസത്തിനകം സമർപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ ഡി.പി.ആർ, അനുബന്ധ രേഖകൾ എന്നിവ ലഭിച്ചിട്ടില്ല.

2019 ലെ CRZ വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തീരമേഖല നിലവിൽ CRZ III A യിൽ ഉൾപ്പെടുന്നതാണ്. കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 06.12.2024 ലെ നം.3149/A1/2024/KCZMA കത്ത് പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ വരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്. ഇവിടെ യാതൊരുവിധ പുതിയ നിർമ്മാണ പ്രവൃത്തികളും അനുവദനീയമല്ലാത്തതും നിലവിലുള്ള വാസഗൃഹങ്ങളുടെ മാത്രം പ്ലിന്ത് ഏരിയയിൽ മാറ്റം വരാതെ അറ്റകുറ്റ പണികൾക്ക് മാത്രം അനുമതിയുള്ളതുമാണ്. വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ വരെയുള്ള പ്രദേശത്ത് $300m^2$ ൽ അധികരിക്കാത്ത വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി മാത്രമാണ് നിലവിലുള്ളത്.

ഇതു സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ മറുപടി നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും കടൽതീരത്തോട് ചേർന്ന് സ്ഥിതിചെയ്യുന്നതുമായ പ്രദേശമാണ് കോസ്റ്റൽ പാർക്ക് വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രദേശം. ഇത് വേലിയേറ്റരേഖയിൽ നിന്നും 50 മീറ്റർ പരിധിയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്നതും നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് KCZMA യുടെ അനുമതി ലഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ കോസ്റ്റൽ പാർക്ക് നിർമ്മിക്കുന്നതിന് പ്രതീക്ഷിക്കുന്ന 90 ലക്ഷം രൂപ വകയിരുത്തുന്നതിനാവശ്യമായ ഫണ്ട് നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇല്ല. സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതമോ, സി.എസ്.ആർ ഫണ്ടുകളോ, എം.എൽ.എ./എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടോ ലഭിച്ചാൽ മാത്രം നടപ്പാക്കാൻ കഴിയുന്ന പദ്ധതിയാണെന്നിരിക്കെ, ഡി.പി.ആർ. ലഭിച്ചാൽ തന്നെ പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വികസന ഫണ്ട് വിനിയോഗിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിന് കോസ്റ്റ് ഫോർഡിന് തുക നൽകിയത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻകെയറി നം. 39/17.09.2025) മറുപടി ലഭ്യമാക്കേണ്ടതാണ്.

1-23 പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമാക്കിയില്ല-തുടർ നടപടി സ്വീകരിക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി

ക്രമ നം.	പ്രോജക്ട് നം,/പേര്	നൽകിയ തുക	വൗച്ചർ നം./ തിയതി	കൈപറ്റിയ സ്ഥാപനം (കെ.എസ്.ഇ.ബി)	കുറിപ്പുകൾ
1	166/25 വിവിധ വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ	12,68,488	42400629/ 17.11.2024	അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പമംഗലം സെക്ഷൻ	കരാർ നം.6/24-25 ഇതു പ്രകാരം 30.06.2025 നകം പ്രവൃത്തി പൂർത്തീകരിക്കണം
2	109/25 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	91,946	42401697/ 24.03.2025	അസിസ്റ്റന്റ് എഞ്ചിനീയർ കാട്ടൂർ സെക്ഷൻ	കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ഇല്ല
	109/25 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	28,624	42401697/ 24.03.2025	അസിസ്റ്റന്റ് എഞ്ചിനീയർ വലപ്പാട് സെക്ഷൻ	കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ഇല്ല
	109/25 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	1,34,000	42401296/ 31.03.2025	അസിസ്റ്റന്റ് എഞ്ചിനീയർ വലപ്പാട് സെക്ഷൻ	കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ഇല്ല

3	177/25 പപ്പട കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ	33,116	42401467/ 13.12.2024	അസിസ്റ്റന്റ് എഞ്ചിനീയർ വലപ്പാട് സെക്ഷൻ	കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ഇല്ല
4	172/25 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	1,13,376	42400628/ 07.11.2024	അസിസ്റ്റന്റ് എഞ്ചിനീയർ കാട്ടൂർ സെക്ഷൻ	കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ഇല്ല
	172/25 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	65,301	42400628/ 07.11.2024	അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പമംഗലം സെക്ഷൻ	കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ഇല്ല

മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ ക്രമ നം.2,3,4 പ്രവൃത്തികളിൽ കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾ നൽകിയ എസ്റ്റിമേറ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രവൃത്തികളുടെയും പൂർത്തീകരണ, വിനിയോഗ വിവരം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻകെയറി നം. 18/15.09.2025)

1-24 മുദ്രവില ഈടാക്കിയതിൽ കുറവ്-തുടർ നടപടി സ്വീകരിക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

2018-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1959ലെ കേരള മുദ്രപത്ര നിയമത്തിലെ പട്ടികയിൽ ഭേദഗതി വരുത്തുകയും 5 (F) എന്ന വ്യവസ്ഥ കൂട്ടി ചേർത്തതു പ്രകാരം മരാമത്ത് പ്രവൃത്തികൾ, സർവ്വീസ് ലെവൽ എഗ്രിമെന്റുകൾ എന്നിവ ചമയ്ക്കുമ്പോൾ കരാർ തുകയുടെ 0.1% തുകയുടെ മുദ്രവില ചുമത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ കൊടുത്ത പട്ടികയിലെ പ്രോജക്ടുകളിൽ മേൽ സൂചിപ്പിച്ചതു പ്രകാരം മുദ്രവില ചുമത്തിയിട്ടില്ല.

ക്രമ നം	പ്രോജക്ട് നം, പേര്	സ്ഥാപനം	വകയിരുത്തിയ തുക	ചുമത്തിയ മുദ്രവില	ചുമത്തേണ്ട മുദ്ര വില
1	125/25വാട്ടർ കിയോസ്ക് സ്ഥാപിക്കൽ	വാട്ടർ വേൾഡ്	15,00,000	200	1,500
2	327/25 വാട്ടർ കിയോസ്ക് എ.എം.സി	വാട്ടർ വേൾഡ്	3,20,000	200	320
3	108/25 സ്ട്രീറ്റ് ലൈറ്റ് എ.എം.സി.	ബെന്നി	10,00,000	200	1,000
4	166/25വിവിധ വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ	കെ.എസ്.ഇ.ബിഎൽ. കൈപ്പമംഗലം സെക്ഷൻ	12,68,488	200	1,270
5	164/25 സ്ട്രീറ്റ് ലൈറ്റ് എ.എം.സി.	ബെന്നി	10,00,000	200	1,000

1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ ചട്ടങ്ങൾ) ചട്ടം 3 (V) പ്രകാരം ഗ്രാമപഞ്ചായത്തുകൾ കരാറിലേർപ്പെടുമ്പോൾ 1959ലെ മുദ്ര പത്ര നിയമം ബാധകമായതിനാൽ മേൽ പ്രകാരമുള്ള ഭേദഗതി പ്രകാരം മുദ്രവില ചുമത്തേണ്ടതാണ്. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച 5.3.25ലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 16/2025/ധന പ്രകാരം അതാത് സമയത്ത് ഈടാക്കേണ്ടിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കാതിരുന്നിട്ടുണ്ടെങ്കിൽ കൂടി ആയത് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ മുദ്രവിലയിൽ കുറവായ തുക കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി അസ്സൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻകെയറി നം. 19/15.09.2025)

1-25 ലൈഫ് ഫ്ളാറ്റ് നിർമ്മാണത്തിന് ഭൂമി വാങ്ങിയത് പ്രയോജനപ്പെടുത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
പ്രോജക്ട് നം. 136/25
വകയിരുത്തിയ തുക 254573

ചെലവഴിച്ച തുക 69275
വൗച്ചർ നം. വൗച്ചർ നം. 42401306/10.05.2024

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കൾക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തിൽ ആവിഷ്കരിച്ച പ്രോജക്ട് നം. 166/23 പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 50 ലക്ഷം രൂപയും(വൗച്ചർ നം.42301364/19.12.2023) ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 18,58,225 രൂപയും (വൗച്ചർ നം.42301363/19.12.2023) ചെലവഴിച്ച് 41.5 സെന്റ് ഭൂമി ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 13.10.2023 ലെ ഭരണ സമിതി യോഗത്തിൽ 1 (4) നമ്പറായി തീരുമാനമെടുത്തതു പ്രകാരം എടത്തിരുത്തി വില്ലേജ് സർവ്വെ നം. 171/7ൽ 40.75സെന്റ് ഭൂമി വാങ്ങിയതിന് കുന്നപ്പശ്ശേരി ഗംഗാധരൻ മകൻ ബിജുവിന് 68,58,225 രൂപ നൽകുകയും, കാപ്പിറ്റൽ ഗെയ്ൻ ടാക്സിനത്തിൽ 1% തുക 69,275 രൂപ തനതു ഫണ്ടിൽ നിന്നും അടവാക്കുകയും ചെയ്ത ഇനത്തിൽ ആകെ ഭൂമി വാങ്ങുന്നതിന് 69,27,500 രൂപ ചെലവഴിച്ചിരുന്നു. ഇതിൽ ടാക്സിനത്തിൽ അടവാക്കിയ തുക തൻവർഷത്തിൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് മേൽ വൗച്ചർ പ്രകാരം തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ഭൂമി വാങ്ങുന്നതിന് ലഭിച്ച ഏക ഓഫർ ഭരണ സമിതി അംഗീകരിച്ചതായി കണ്ടു.

പൊതുവായ വഴി ഉള്ളതും വാഹനഗതാഗതത്തിന് അനുയോജ്യവുമായ സ്ഥലത്തിന്റെ ഉടമകളിൽ നിന്ന് ലൈഫ് ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് 24.11.2022 ന് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പത്രപരസ്യം നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

ഫ്ലാറ്റ് നിർമ്മാണത്തിനാവശ്യമായ ഭൂമി സെന്റിന് 1,70,000 രൂപ നിരക്കിൽ നൽകുന്നതിന് കുന്നപ്പശ്ശേരി ഗംഗാധരൻ മകൻ ബിജു എന്നയാളുടെ ഓഫർ മാത്രമാണ് ലഭിച്ചിരുന്നത്. എടത്തിരുത്തി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർവ്വെ സ്കെച്ച് പ്രകാരം സർവ്വെ 171/7 ൽ മാർക്ക് ചെയ്ത പ്ലോട്ട് Aയിൽ 34.65സെന്റ് സ്ഥലവും, പ്ലോട്ട് B യിൽ 4 സെന്റ് കുളവും, പ്ലോട്ട് Cയിൽ 2.1 സെന്റ് വഴിയും, സർവ്വെ 171/17ൽ 0.75 സെന്റ് വഴിയും ഉൾപ്പെടെ ഭൂമിയുടെ ആകെ വിസ്തീർണ്ണം 41.5 സെന്റ് ആണ്. പ്ലോട്ടിൽ നിന്നും പഞ്ചായത്ത് റോഡു വരെ ശരാശരി 3.6 മീറ്റർ വീതിയിൽ 34 മീറ്റർ നീളത്തിൽ വഴി സ്കെച്ചിൽ രേഖപ്പെടുത്തിയിട്ടുണ്ട്. BTR പ്രകാരം സർവ്വെ നം. 171/7 ലെ 40.75 സെന്റ് ഭൂമി തോട്ടം വിഭാഗത്തിലും, 171/17 ലെ 0.75 സെന്റ് ഭൂമി നഞ്ച വിഭാഗത്തിലുമാണ് ഉൾപെട്ടിട്ടുള്ളത്.

സർവ്വെ നം. 171/7 ലെ ഭൂമിയ്ക്ക് ഒരു ആർ ന് (2.47സെന്റ്) 3,76,640 രൂപ കൊടുങ്ങല്ലൂർ താലൂക്ക് തഹസിൽദാർ വില നിശ്ചയിച്ചു നൽകിയിട്ടുണ്ട്. തുടർന്ന് 08.02.2023 ലെ ഭരണസമിതി 20(1) നമ്പറായി നെഗോസിയേഷൻ നടത്തുന്നതിന് തീരുമാനിക്കുകയും, 23.02.2023 ലെ ഭരണസമിതിയുടെ 1(1) ലെ തീരുമാന പ്രകാരം സെന്റിന് 1,70,000രൂപ നിരക്കിൽ ഭൂമി വാങ്ങുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. കെ.പി.ബി.ആർ പ്രകാരം കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം, സ്ഥലം അനുയോജ്യമാണെന്ന ഡി.ഡി.പിയുടെ സാക്ഷ്യപത്രം, ഗവൺമെന്റ് പബ്ലിക് പ്ലീഡറുടെ ടൈറ്റിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഭരണ സമിതി അംഗീകാരം എന്നിവ പരിഗണിച്ച തൃശൂർ തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ 24.03.2023ന് DDP-TSR/437/2023-G2 നമ്പർ കത്തു പ്രകാരം സർവ്വെ നം. 171/7ൽ പെട്ട തോട്ടം തരത്തിൽ പെട്ട ഭൂമി ലൈഫ് ഫ്ലാറ്റ് നിർമ്മാണത്തിനായി വാങ്ങുന്നതിന് അനുയോജ്യതാ സാക്ഷ്യപത്രം നൽകുകയും 1702/1/2023 നമ്പറായി 40.75 സെന്റ് ഭൂമി സെന്റിന് 1,70,000 രൂപ നിരക്കിൽ നൽകി പഞ്ചായത്തിന്റെ പേരിൽ വാങ്ങി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സർവ്വെ സ്കെച്ച് പ്രകാരം ഈ ഭൂമിയിലേക്ക് പ്രവേശിക്കുന്നതിനായി 2.85 സെന്റ് സ്ഥലം വഴിയായിട്ടുള്ളതിൽ നഞ്ചയായിക്കിടക്കുന്ന8.3 മീറ്റർ നീളത്തിലുള്ള 30ആർ സ്ഥലം (0.75സെന്റ്) 1702/1/2023 നമ്പറായി ഗ്രാമപഞ്ചായത്തിന് സൗജന്യമായി രജിസ്റ്റർ ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

ഭൂമി വാങ്ങുന്നതിന് ലഭ്യമായ ഭൂമിയിൽ 4 സെന്റ് സ്ഥലം കുളം ആയതിനാലും, സർവ്വെ 171/7 ലുൾപ്പെട്ട 2.1 സെന്റ് ഭൂമി വഴിയായതിനാലും ഈ വിസ്തീർണ്ണത്തിലുള്ള ഭൂമി വിലകൊടുത്ത് വാങ്ങിയാലും ഫ്ലാറ്റ് നിർമ്മാണത്തിനായി വിനിയോഗിക്കാൻ സാധിക്കുകയില്ലായെന്നതിനാൽ സ്ഥലമുടമയുടെ ഡിമാന്റ് പ്രകാരമുള്ള സെന്റിന് 1.7 ലക്ഷം രൂപ നിരക്കിൽ തുക നൽകുന്നത് ഗ്രാമപഞ്ചായത്തിന് (4സെന്റ് കുളം+2.1 സെന്റ് വഴി=6.1 സെന്റ് X 170000=10.37 ലക്ഷം രൂപ) 10.37 ലക്ഷം രൂപ നഷ്ടമുണ്ടാക്കുമെന്നു സെക്ഷൻ ക്ലർക്ക് ILGMS ഫയലിൽ രേഖപ്പെടുത്തി കാണുന്നു.

എന്നാൽ ഇക്കാര്യം പരിഗണിക്കാതെ മേൽ പ്രകാരമുള്ള സ്കെച്ച് റിവൈസ് ചെയ്ത് കുളം, വഴി എന്നിങ്ങനെ രേഖപ്പെടുത്തലുകൾ ഒഴിവാക്കി വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാക്കുകയും, 171/7 ൽ പെട്ട ഭൂമി വാങ്ങുന്നതിന് ലഭ്യമാക്കിയ അനുയോജ്യതാ സാക്ഷ്യപത്ര പ്രകാരം മുഴുവൻ ഭൂമിക്കും സ്ഥലമുടമ ആവശ്യപ്പെട്ടതു പ്രകാരം സെന്റിന് 1.7 ലക്ഷം രൂപ നിരക്കിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്.

ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന കാര്യങ്ങളിൽ മറുപടി നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല.(ഓഡിറ്റ് എൻകവയറി നം. 20/15.09.2025)

1) സ്ഥലമുടമയുടെ ആവശ്യപ്രകാരം താലൂക്ക് തഹസിൽ ദാർ നിശ്ചയിച്ച നിരക്കിനെ അധികരിച്ച് സെന്റിന് 1.7 ലക്ഷം രൂപ നിരക്കിൽ തുക നൽകുന്നതിന് ഭരണ സമിതി ഏകകണ്ഠമായി തീരുമാനമെടുക്കുകയും, തുക നൽകുകയും ചെയ്തിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകുന്നതിന്

സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണം.

2) ഗ്രാമപഞ്ചായത്ത് വാങ്ങിയ ഭൂമിയിലേക്ക് 34 മീറ്റർ നീളത്തിൽ 3.6 മീറ്റർ വീതിയിൽ വഴിയുള്ളതിൽ 8.3മീറ്റർ വഴി ഭൂ ഉടമ ഗ്രാമപഞ്ചായത്തിന് സൗജന്യമായി രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ബാക്കി വഴി ഗ്രാമപഞ്ചായത്ത് പണം നൽകി വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ആധാരത്തിൽ വഴിയായി രേഖപ്പെടുത്തിയിട്ടുള്ള ഈ ഭൂമിയുടെ ഇരുവശത്തുമായി സ്ഥലമുടമയ്ക്കും മറ്റു ആളുകൾക്കും ഭൂമിയുള്ളതും നിലവിൽ ഈ വഴി അവരുടെ ആസ്തികളിലേക്ക് പ്രവേശിക്കുന്നതിന് ഉപയോഗിക്കുന്നതുമായി കാണുന്നു. ഇങ്ങനെ പൊതുവായി ഉപയോഗിക്കുന്ന വഴിയ്ക്ക് വഴിയവകാശ നിയമ പ്രകാരം തുക നൽകേണ്ടതിനു പകരമായി മുഴുവൻ തുകയും നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് മറുപടി നൽകേണ്ടതാണ്. പൊതുവായ വഴി ഉള്ളതും വാഹന ഗതാഗതത്തിന് അനുയോജ്യവുമായ ഭൂമി വാങ്ങുന്നതിനാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതെങ്കിലും ഇതിനു വിരുദ്ധമായി വാങ്ങൽ നടത്തിയിട്ടുണ്ട്.

3) ഭൂമി വിലയ്ക്ക് വാങ്ങുന്നത് സംബന്ധിച്ച ജി.ഒ.(പി)18/98/ത.ഭ.വ.തിയതി 22.01.98ഉത്തരവ് പ്രകാരം പത്രപരസ്യം നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പൊതു ആവശ്യങ്ങൾക്കായി ഭൂമി ആർജ്ജിക്കുന്ന സംഗതികളിൽ ആവശ്യമായ പരസ്യം നൽകി ഓഫറുകൾ സ്വീകരിക്കുന്നതിനും, മതിയായ ഓഫറുകൾ ലഭിച്ചില്ലെങ്കിൽ പഞ്ചായത്തിന് നേരിട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനു നടപടി സ്വീകരിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ലഭിച്ച ഏക ഓഫർ പ്രകാരമുള്ള സ്ഥലം കുളവും, വഴിയും ഉൾപ്പെടെ പൂർണ്ണമായും കെട്ടിട നിർമ്മാണത്തിന് പ്രയോജനപ്പെടുത്താൻ സാധിക്കില്ല എന്നിരിക്കെ ഭൂമി കണ്ടെത്തുന്നതിന് മറ്റ് മാർഗ്ഗങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല.

4) ലൈഫ് ഫ്ലാറ്റ് നിർമ്മാണത്തിനായി അടിയന്തിരമായി ഭൂമി വാങ്ങിയിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തതു പ്രകാരം ലൈഫ് ഫേസ് III, ലൈഫ് 20-20 ലാന്റ്ലെസ്സ് വിഭാഗത്തിൽ അഡീഷണൽ ലിസ്റ്റിലുൾപ്പെടെ ജനറൽ/എസ്.സി/ഫിഷറീസ് വിഭാഗത്തിലായി 489 ഭൂരഹിത ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ഭൂരഹിത ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നതിനായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിക്കുകയോ, നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.
മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-26 മുട്ടക്കോഴി വിതരണം-ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്റിനറി സർജ്ജൻ
താഴെ കാണും പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കിയതിൽ ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടില്ല.

ക്രമ നം.	1	2
പ്രോജക്ട് നം.	85/25	100/25
പേര്	മുട്ടക്കോഴി വളർത്തൽ (ജനറൽ)	മുട്ടക്കോഴി വളർത്തൽ (എസ്.സി.പി)
വകയിരുത്തിയ തുക	3,25,000	39,000
ചെലവഴിച്ച തുക	3,18,500 (വികസനഫണ്ട്)	36,000 (വികസനഫണ്ട്-എസ്.സി.പി.) 3,000 (തനതു ഫണ്ട്)
വൗച്ചർ നം/തിയതി	തുക97,500-42401603/08.03.2025 തുക91,000-42401606/08.03.2025 തുക1,30,000-42401598/07.03.2025	തുക 36,000-42401605/08.03.2025 3,000- തുക 42401041/27.02.2025
സ്ഥാപനം	എഗ്ഗർ ലയർ നഴ്സറി, പെരിഞ്ഞനം	എഗ്ഗർ ലയർ നഴ്സറി, പെരിഞ്ഞനം
നിരക്ക്	130 രൂപ	130 രൂപ
കോഴികളുടെ എണ്ണം	2,450	300
പ്രായം	45-60 ദിവസം	45-60 ദിവസം

ഗുണഭോക്തൃവിഹിതം വാങ്ങേണ്ടിയിരുന്നത്	24,500	3,000

14.09.2023 ലെ ജില്ലാ തല സമിതി ക്രമ നം.26 ആയി മുട്ടക്കോഴികളുടെ യൂണിറ്റ് കോസ്റ്റ് 130 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്തൃവിഹിതം ഈടാക്കുന്നത് സംബന്ധിച്ച 14.12.2024 ലെ സർക്കുലർ നം. DA1/353/2023/ 19.10.2023 പ്രകാരം കോഴിക്കുഞ്ഞുങ്ങളുടെ മൃഗ സംരക്ഷണ വകുപ്പ് വർദ്ധിപ്പിച്ച 10 രൂപ 2023-24 ൽ ഗുണഭോക്താക്കൾ വഹിക്കുന്നതിന് നിർദ്ദേശിക്കുകയും, വർദ്ധിപ്പിച്ച നിരക്ക് സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നത് 2024-25 ൽ പരിഗണിക്കുന്നതാണ് എന്നുമാണ് രേഖപ്പെടുത്തി കാണുന്നത്. ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പദ്ധതി നിർവ്വഹിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം ലഭിച്ചതായോ, സബ്സിഡി മാർഗ്ഗരേഖയിൽ നിരക്ക് വർദ്ധിപ്പിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചതായോ കാണുന്നില്ല. വർദ്ധിപ്പിച്ച നിരക്ക് ഗുണഭോക്താക്കൾ വഹിക്കുന്നതിന് സർക്കുലറിൽ നിർദ്ദേശിച്ച സാഹചര്യത്തിൽ ഗുണഭോക്തൃ വിഹിതം വാങ്ങാതെ മുഴുവൻ തുകയും മേൽ പ്രകാരം ഫണ്ടുകളിൽ നിന്നും ചെലവഴിച്ചതു സംബന്ധിച്ച് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതും, തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻകെയറി നം. 8/12.09.25)

1-27 അഫിലിയേഷൻ ഇല്ലാത്ത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. പെരുമ്പടപ്പ്

പ്രോജക്ട്. എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

28.05.2022ലെ സ.ഉ.(കൈ)നം.115/2022ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് തുടങ്ങിയ കോഴ്സുകൾക്ക് സർവ്വകലാശാലകളിലോ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ/ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്ക് ലാപ്ടോപ്പ് നൽകുന്നതിനാണ് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതു പ്രകാരം സർവ്വകലാശാലകളിലും അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്യാവുന്നത്.

എന്നാൽ ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് പെരുമ്പടപ്പ് നടപ്പാക്കിയ താഴെ കാണും പദ്ധതി പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് നൽകുന്നതിന് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

ക്രമ നം	1
പ്രോജക്ട് നം.	147/25
പേർ	എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം (സ്പിൽ ഓവർ)
വകയിരുത്തിയ തുക	7,74,000
ചെലവഴിച്ച തുക	6,48,000
വൗച്ചർ നം.	3,24,000 42401326/10.05.2024 3,24,000 42401327/10.05.2024
സ്ഥാപനം.	Waves Technologies
വിതരണം ചെയ്ത എണ്ണം	18
നിരക്ക്	36,000
ഫണ്ട്.	വികസന ഫണ്ട് (എസ്.സി.പി)

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്നവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഫിലിയേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	കോഴ്സ്	വിദ്യാഭ്യാസ സ്ഥാപനം
1	ഷയോണ	BA മലയാളം	കോ-ഓപ്പറേറ്റീവ് ആർട്സ് & സയൻസ് കോളേജ്, തൃശൂർ

2	അൻജിത്ത്	BA എക്കണോമിക്സ്	കോ-ഓപ്പറേറ്റീവ് ആർട്സ് & സയൻസ് കോളേജ്, തൃശൂർ

മേൽ സ്ഥാപനത്തിന്റെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ മേൽ ഗുണഭോക്താക്കൾക്ക് വേണ്ടി ലാപ്ടോപ്പുകൾ വാങ്ങിയതിന് ചെലവഴിച്ച 72,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻകുയറി നം. 9/12.09.2025)

1-28 എസ്.എസ്.കെ പ്രത്യേകഘടക പദ്ധതി വിഹിതം-ഗുണഭോക്താക്കൾക്ക് വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. പെരുമ്പടപ്പ്

എസ്.എസ്.കെ വിഹിതം അടവാക്കൽ

ക്രമ നം	1	2
പ്രോജക്ട് നം.	41/25	42/25
പേർ	എസ്.എസ്.കെ വിഹിതം അടവാക്കൽ(ജനറൽ)	എസ്.എസ്.കെ വിഹിതം അടവാക്കൽ(എസ്.സി.പി)
വകയിരുത്തിയ തുക	4,00,000	4,00,000
ചെലവഴിച്ച തുക	4,00,000	2,00,000
വൗച്ചർ നം.	42401352/21.06.2024	42401353/21.06.2024
അടവാക്കിയ സ്ഥാപനം	ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, എസ്.എസ്.കെ. തൃശൂർ	ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, എസ്.എസ്.കെ. തൃശൂർ
വിനിയോഗ സാക്ഷ്യപത്രം കത്ത് നമ്പർ/ തിയതി	B3-52/Sskതൃശൂർ/2025-26/30.05.2025	B3-52/Sskതൃശൂർ/2025-26/30.05.2025

മേൽ പ്രോജക്ടുകൾ പ്രകാരം ആകെ 6,00,000 രൂപ എസ്.എസ്.കെ പദ്ധതിയ്ക്കായി തൃശ്ശൂർ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. ബി.ആർ.സി മതിലകം നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം നൽകിയ തുക പൂർണ്ണമായും എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്കായി ചെലവഴിച്ചതായി അറിയിച്ചിട്ടുണ്ട്. ഇതിൽ 2,00,000 രൂപ പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്.

പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്ന സംഗതികളിൽ നൽകുന്ന തുക അതാത് വിഭാഗങ്ങൾക്കായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളു എന്നും, 19.04.2022 ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക നം. 6.1.(1) പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രകാരം നൽകിയ തുക എസ്.സി വിഭാഗം വിദ്യാർത്ഥികൾക്കായി മാത്രമേ വിനിയോഗിച്ചിട്ടുള്ളു എന്നുറപ്പാക്കുന്നതിനാവശ്യമായ ചെലവു രേഖകൾ ബി.ആർ.സി യിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻകുയറി നം.9/12.09.2025)

1-29 തെരുവുനായ്ക്കളുടെ വാക്സിനേഷൻ നടപ്പാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ.വെറ്റിനറി സർജ്ജൻ

പ്രോജക്ട് നം. 104/25 തെരുവു നായകൾക്ക് വാക്സിനേഷൻ-

വകയിരുത്തിയ തുക 1,50,000 രൂപ

ചെലവഴിച്ച തുക-19,438

വൗച്ചർ നം.42401068/28.02.2025 തുക 10,579

42401125/21.03.2025 തുക 8,859

മേൽ പ്രോജക്ട് പ്രകാരം തെരുവു നായകൾക്ക് വാക്സിനേഷൻ നടത്തുന്നതിനായി തുക വകയിരുത്തുകയും, 30യൂണിറ്റ് ഇൻജക്ഷൻ, ഗ്ലൗസ്,നീഡിൽ, സിറിഞ്ച് അനുബന്ധ സാമഗ്രികൾ വാങ്ങിയതിന് മേൽപ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാങ്ങിയ വാക്സിൻ ഉപയോഗിച്ച് തെരുവുനായ്ക്കളുടെ വാക്സിനേഷൻ 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടില്ല. തെരുവു നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് അനിമൽ

ബർത്ത് കൺട്രോൾ നിയമപ്രകാരം നിലവിൽ സാധിക്കാത്ത സാഹചര്യത്തിൽ തെരുവു നായ്ക്കളുടെ വാക്സിനേഷൻ സമയബന്ധിതമായി നടത്താതിരിക്കുന്നത് ഉചിതമല്ല. തെരുവു നായ്ക്കളുടെ ആക്രമണം മൂലമുണ്ടാകുന്ന നഷ്ടപരിഹാരം നൽകേണ്ട ബാധ്യത നിലവിൽ ഗ്രാമപഞ്ചായത്തിന് ആയതിനാൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-30 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

എ). എസ്.സി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ (ചെന്ത്രാപ്പിന്നി സർക്കിൾ) നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി (എസ്.സി) (പ്രൊജക്ട് നമ്പർ- 143/25) എന്ന പ്രൊജക്ടിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	പദ്ധതി പ്രകാരം നൽകേണ്ട തുക	നൽകിയ തുക	അവസാന ഗഡു കൈപ്പറ്റിയ തിയതി
1	സുവർണ്ണ ദേവദാസൻ, കിളിക്കോട്ട്	4,00,000	3,00,000	29.05.24
2	സജീഷ്,തുപ്രാടൻ	4,00,000	3,00,000	8.11.24
3	ശിവരാമൻ,പനാപുരക്കൽ	4,00,000	3,00,000	19.12.24
4	സാവിത്രി,D/O വള്ളിയമ്മ,ചോഴിപ്പറമ്പിൽ	4,00,000	2,00,000	19.03.25
5	ബയോജ്,ആരിപ്പിന്നി	4,00,000	3,29,600	21.03.25
6	തങ്ക, മേനാശ്ശേരി	4,00,000	3,00,000	19.03.25
7	സുസ്മിത വി.വി,വെള്ളാനി	4,00,000	1,58,409	25.03.25
8	രജിനി.വി.വി,പാറക്കൽ	4,00,000	40,000	18.11.24

ബി) വി.ഇ.ഒ(എടത്തിരുത്തി സർക്കിൾ) നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (ജനറൽ) (പ്രൊജക്ട് നമ്പർ- 40/25) എന്ന പ്രൊജക്ടിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

ഗുണഭോക്താവിന്റെ പേര്	പദ്ധതി പ്രകാരം നൽകേണ്ട തുക	നൽകിയ തുക	അവസാന ഗഡു കൈപ്പറ്റിയ തിയതി
ദിനേഷ്, പള്ളിപ്പറമ്പിൽ	4,00,000	40,000	10.01.25
ശ്രീദേവി ,എടത്തിരുത്തി-തെക്കുമുറി	4,00,000	40,000	10.01.25
നഫീസ, പുതുക്കുളത്ത്	4,00,000	2,00,000	28.01.25
മണി,കാരയിൽ	4,00,000	1,20,000	13.03.25
ഉഷ വിജയൻ,പള്ളത്ത്	4,00,000	1,55,734	24.03.25

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/16.09.25) മറുപടിയായി ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ഭവന നിർമ്മാണം പൂർത്തീകരിച്ച് തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം ചെലവാക്കിയിട്ടില്ല-തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 2024-25വർഷാവസാനത്തിൽ 39,47,893 രൂപ നീക്കിയിരിപ്പുള്ളതായി വാർഷിക ധനകാര്യപത്രിക B4 സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി കാണുന്നു.

കേന്ദ്രവിഹിതമായി ലഭിക്കുന്ന തുകയിൽ ബാക്കി നിൽക്കുന്ന തുക കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച General Finance Rules 2017 Rule 230 ലെ വ്യവസ്ഥകൾ പ്രകാരം, നീക്കിയിരുപ്പുള്ള തുക അടുത്ത ഗ്രാന്റ് തുകയിൽ ക്രമീകരിക്കുന്നതിനും അഡ്വാൻസായി തുക അനുവദിക്കുന്ന സംഗതികളിൽ പലിശ ഉൾപ്പെടെ കണക്കുകൾ അന്തിമമാക്കിയശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്ര വിഹിതം കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകമായി അക്കൗണ്ട് ഇല്ല. ഇതിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

സി.ഡി.പി.ഒ മുഖേന ഗ്രാമപഞ്ചായത്തിന് കൈമാറുന്ന പ്രോജക്ട് തുക തനതുഫണ്ടിൽ നിക്ഷേപിക്കുകയാണ് നിലവിൽ ചെയ്തു വരുന്നത്. പോഷകാഹാര വിതരണത്തിനായി ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ 4/25 ജനറൽ, 5/25എസ്.സി.പി എന്നിങ്ങനെ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെങ്കിലും ജനറൽ വിഭാഗത്തിൽ വകയിരുത്തിയ കേന്ദ്രാവിഷ്കൃത ഫണ്ട് 15 ലക്ഷം രൂപയിൽ 9,00,240 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. എസ്.സി.പി. പ്രോജക്ടിൽ വകയിരുത്തിയ 5 ലക്ഷം രൂപയിൽ തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ലായെന്നും കണ്ടു.

03.09.2010ലെ നം.39033/DC2/10 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ 50% തുക കെട്ടിടമില്ലാത്ത അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനോ അല്ലാത്ത പക്ഷം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ കളിയുപകരണങ്ങൾ, പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനോ വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്രവിഹിതമായി നിലവിൽ ലഭിക്കുന്ന 60% തുക യഥാസമയം പ്രോജക്ടിലുൾപ്പെടുത്തി ചെലവഴിക്കാത്തതു മൂലമാണ് ഇത്തരത്തിൽ തുക അവശേഷിക്കാൻ ഇടയായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയിൽ മതിയായ തുക കേന്ദ്രവിഹിതമായി വകയിരുത്തിയിട്ടുമില്ല. മതിയായ തുക വകയിരുത്തുന്നതിനും, അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിലും അഡ്വാൻസായി ലഭിക്കുന്ന കേന്ദ്രവിഹിതം യഥാസമയം പദ്ധതിയിലുൾപ്പെടുത്തി ചെലവഴിക്കാതിരുന്നാൽ ആയത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടി വന്നേക്കാം എന്നതിനാൽ തുക യഥാസമയം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.7/11.09.25) മറുപടിയായി ഭരണസമിതി അംഗങ്ങളുമായി ചർച്ച ചെയ്ത് അതിനാവശ്യമായ നടപടികളും തീരുമാനങ്ങളും സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

1-32 മൃഗാശുപത്രി മെയിന്റനൻസ് ബാക്കി ഭാഗം -അധിക തുക നൽകിയത് ഓഡിറ്റ് എൻകുയറിയെ തുടർന്ന് തിരികെ അടവാക്കി

നിർവ്വഹണഉദ്യോഗസ്ഥൻ.അസിസ്റ്റന്റ്എഞ്ചിനീയർ
പ്രോജക്റ്റ് നം-139/25

വകയിരുത്തിയ തുക-4,06,903 (തൻവർഷം വകയിരുത്തിയ തുക-2,80,669)-മെയിന്റനൻസ് ഫണ്ട് നോൺറോഡ്

ചെലവഴിച്ച തുക.

ഫസ്റ്റ് &പാർട്ട് ബിൽ- 1,26,234 (2023-24)

സെക്കന്റ് &പാർട്ട് ബിൽ- തുക -1,81,229 (വൗച്ചർ നം.42401335/13.05.24)

തേർഡ് &ഫൈനൽ ബിൽ-47,533(വൗച്ചർ നം.42401378/18.07.24)

തൻവർഷം ആകെ ചെലവ് - 2,28,762

ആകെ ചെലവ് തുക-3,54,996

സാങ്കേതികാനുമതി -102819/22

കരാറുകാരൻ- ജമാൽ.സി.എ

മേൽ പ്രവൃത്തിയുടെ ഭാഗമായി ഐറ്റം നം.2.005 പ്രകാരം മൃഗാശുപത്രി കോമ്പൗണ്ട് വാളിന് വേണ്ടി 2.811 M^3 R.R Masonary ചെയ്തതിന് DSOR Data 7.1.1 പ്രകാരം 7204 രൂപ നിരക്കിൽ 20252.55 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. Data 7.1.1 ൽ Through And Bond Stone Size 24x24x39 Cm ന്റെ നിരക്ക് കൂടി ഉൾപ്പെട്ടിട്ടുണ്ട്. 7.8 M നീളത്തിൽ 35cm മാത്രം ഉയരത്തിൽ 30cm വീതിയിൽ R.R Masonary ഉപയോഗിച്ച് ഫൗണ്ടേഷൻ നിർമ്മാണം നടത്തിയ പ്രവൃത്തിയിൽ R.R Masonary യ്ക്ക് മുകളിലായി DSOR Data 4.1.3 പ്രകാരം എക്സ്ട്രാ ഇനം 1 ആയി അതേ നീളത്തിലും വീതിയിലും 15 Cm കനത്തിൽ RCC ബെൽറ്റ്

നൽകിയിട്ടുണ്ട്. R.R പ്രവൃത്തിയ്ക്ക് Through And Bond Stone ഒഴിവാക്കിയിട്ടുള്ള Observed Data-203999പ്രകാരമുള്ള 6478.65 M^3 നിരക്കാണ് അനുവദിക്കാവുന്നത്. Dsor Data 7.1.1 ന്റെ നിരക്കായ 7204.75 രൂപയുടെ നിരക്കിൽ 20252.55 രൂപ കരാറുകാരന് അനുവദിച്ചിട്ടുള്ളത്. ഇതു പ്രകാരം 2.811 M^3 പ്രവൃത്തിയ്ക്ക് അനുവദിക്കാവുന്ന തുക 18211 (2.811x6478.65) രൂപയാണ്. ഈയിനത്തിൽ അധികമായി 2042(2041.5) രൂപ അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകവയറി (നം-21/15.09.2025) നൽകിയത് പ്രകാരം 2042 രൂപ രസീത് നമ്പർ R-G081401-25002765 തീ.16.09.2025 പ്രകാരം തിരികെ അടവാക്കിയിട്ടുണ്ട്. മേൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

1-33 സ്റ്റാരകം റോഡ് മെയിന്റനൻസ്-പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നമ്പർ - 138/25 (2023-24 ലെ 193/24)

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡ്)

ആകെ അടങ്കൽ - 10,00,000

പി.എ.സി - 7,17,712.52

തൻവർഷ ചെലവ് -

ഫസ്റ്റ് &പാർട്ട് ബിൽ-1,11,779-42401333/13.05.24

സെക്കന്റ് &പാർട്ട് ബിൽ-6,39,564-42401386/29.07.24
ആകെ-7,51,343

കോൺട്രാക്ടറുടെ പേര് - ജമാൽ.സി.എ.

കരാർ കാലാവധി 6 മാസം

എഗ്രിമെന്റ് നമ്പർ - 40/AE/LID&EW/EDTY/Dtd. 22.03.2023
സൈറ്റ് കൈമാറിയ തിയതി-22.03.2023

എ) മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 6 മാസമായിരുന്നു.ആയത് പ്രകാരം 21.09.2023-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി കഴിഞ്ഞ് മൂന്ന് തവണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഈ കാലാവധി ആദ്യം 31.01.2024 വരെയും (കരാറുകാരന്റേതല്ലാത്ത കാരണത്താൽ) പിന്നീട് 19.03.2024 വരെയും (കരാറുകാരന്റെ പിഴവുമൂലം) ,പിന്നീട് 21.07.24 വരെയും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 11.07.24 നാണ് പണി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത്.2012 ലെ കേരള പി.ഡബ്ലിയു.ഡി. മാന്വൽ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം കാലാവധി ദീർഘിപ്പിക്കേണ്ടി വന്നാൽ ആദ്യ തവണ പി.എ.സി-യുടെ 1% നിരക്കിലും,തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% നിരക്കിലും പിഴ ഈടാക്കേണ്ടതുണ്ട്. എന്നാൽ, ടിയാനിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻകവയറി -29/16.09.2025)

1-34 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്റ്റിന് അഡ്വാൻസായി 50,000 രൂപയും, പ്ലിന്ത് ഏരിയ വരെ പൂർത്തീകരിക്കുന്ന മുറക്ക് 75,000രൂപയും,പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാകുന്ന മുറക്ക് 75,000രൂപയും കൂടി ആകെ 2,00,000 രൂപയാണ് നൽകുന്നത്.താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് 50000 രൂപ അഡ്വാൻസ് നൽകുകയും,സ്റ്റേജ് സർട്ടിഫിക്കറ്റ് പ്രകാരം 2-ാംഗഡുവും കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതു വരെ പണി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്റ്റിന്റെ പേര്/പ്രോജക്റ്റ് നം	ഗുണഭോക്താവിന്റെ പേര്,മേൽവിലാസം	നൽകിയ തുക	വൗച്ചർ നം. തി
1	എസ്.സി വിദ്യാർത്ഥികൾക്ക്	നന്ദന. D/O രാജേഷ്.എ.എസ്. അയിലിപ്പുള്ളി വീട്	50,000 75,000	42401487/20.12.2024 42401573/06.03.2025

	പഠനമുറി,സ്ലിൽ ഓവർ,264/25	എടത്തിരുത്തി		
2	എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, 131/25	സിഗിൽ.എൻ.ജി D/O ഗിരീശൻ നമ്പെട്ടി ഹൗസ് വലപ്പാട്	50,000 75,000	42401696/24.03.2025 42401571/06.03.2025

നിലവിലെ കെട്ടിടത്തിന് 800 ച.മീ.അധികരിക്കാത്ത വിസ്തീർണ്ണമുള്ള കെട്ടിടം ഉള്ള ഗുണഭോക്താക്കൾക്കാണ് ധനസഹായം കൈമാറേണ്ടത്.എന്നാൽ ക്രമ നം.2 പ്രകാരം ധനസഹായം നൽകിയ ഗുണഭോക്താവിന്റെ വീടിന് 814.63 ച.മീ വിസ്തീർണ്ണമുണ്ട്.സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഗുണഭോക്താവിന് തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ പണി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻകുയറി-23/15.09.2025)

1-35 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും - പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് മാത്രമായി ടെണ്ടർ/കുട്ടേഷൻ ക്ഷണിച്ച് വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ - ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ – 89/25

അടങ്കൽ – 55000(വികസന ഫണ്ട് -ജനറൽ)

ചെലവ് – 54000 (വൗച്ചർ നമ്പർ 42401580/07.03.2025) ഇൻവോയ്സ് നമ്പർ – TSR/24-25/254/21.02.2025 (10 എണ്ണം)

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും എന്ന പ്രൊജക്ട് പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് മാത്രമായി ടെണ്ടർ/കുട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനാണ് പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. ആയത് പ്രകാരം ARTCO എന്ന സ്ഥാപനത്തിൽ നിന്നാണ് കട്ടിൽ വാങ്ങിയിട്ടുള്ളത്. (അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് കുട്ടേഷൻ മുഖേന). ജി.ഒ(ആർ.ടി)നമ്പർ-19/20/SPD/13.05.2019 ഉത്തരവ് പ്രകാരമാണ് ആർട്ടോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതി നൽകിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ നേരിട്ട് വാങ്ങാവുന്നതല്ല. മേൽ ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം ഉത്തരവിന്റെ അനുബന്ധമായ പ്രൈസ് ലിസ്റ്റ് പ്രകാരമാണ് വാങ്ങലുകൾ നേരിട്ട് നടത്തേണ്ടത്. HARD WOOD STUDY TABLE OF SIZE 90X6075 CM USING WITH MAHAGANI WOOD .PROVIDING A DRAWER AND FOOTREST.& HARD WOODEN ARMM CHAIR USING WITH MAHAGANI WOOD" എന്നീ സ്പെസിഫിക്കേഷനുള്ള മേശക്കും, കസേരക്കും കൂടി 5400 രൂപ എന്ന നിരക്കിൽ മേൽ ഇൻവോയ്സ് പ്രകാരം 10 മേശയും, കസേരയും ആണ് വാങ്ങിയിരിക്കുന്നത്. സ്പെസിഫിക്കേഷൻ, വില എന്നിവ പരിശോധിച്ചതിൽ മേൽ പ്രൊജക്ടു പ്രകാരം വാങ്ങിയ മേശയും, കസേരയും പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട് കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (24/15.09.2025) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേലിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-36 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല

2024-25 വർഷത്തിൽ ഇ-ടെണ്ടർ ഫോറത്തിന്റെ വില എടത്തിരുത്തി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാട്ടൂർ ശാഖയില 37305802938 നമ്പർ അക്കൗണ്ടിൽ വരവു വന്നിട്ടുള്ളതാണ്. ടി അക്കൗണ്ടിൽ 28.03.25 ൽ 4,69,530 രൂപ നീക്കിയിരിപ്പുണ്ട്. തൻവർഷം ലഭിച്ച ടെന്റർ ഫീ ഇനത്തിലുള്ള തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻകുയറി നമ്പർ - 36/16.09.2025)

1-37 ജലരക്ഷ ജീവരക്ഷ- രാമൻകുളം പുനരുദ്ധാരണം-അധിക നിരക്ക് നൽകി - ഓഡിറ്റ് എൻകുയറിയെ തുടർന്ന് തുക തിരികെ അടവാക്കി

പ്രോജക്ട് നം/പേര്	272/25- ജലരക്ഷ ജീവരക്ഷ-രാമൻകുളം പുനരുദ്ധാരണം

പ്രോജക്ട് അടങ്കൽ	1097936(കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ്) 900 (ധനകാര്യകമ്മീഷൻ ഗ്രാന്റ്,അടിസ്ഥാനവിഹിതം) 1,00,000 (ജില്ലാപഞ്ചായത്ത് വിഹിതം) 11,98,836
ചെലവു തുക	1,97,307 (ഫസ്റ്റ് & പാർട്ട് ബിൽ,2023-24) 5,53,593(സെക്കന്റ്&ഫൈനൽ ബിൽ)7,50,900
വൗച്ചർ നം/ തീയതി	4,50,315/വൗച്ചർ നം.42401374/15.07.2024, 1,03,278/വൗച്ചർ നം.42401679/21.03.25
കരാറുകാരന്റെ പേര്	ബാലഗോപാൽ.ഇ.
എഗ്രിമെന്റ് നം/തീയതി	32/AE/EDTY/LID&ED/ 22-23 തീ. 23.02.2023
നിർവ്വഹണോദ്യഗസ്ഥൻ	അസി. എഞ്ചിനീയർ
TS	53725/22

മേൽ സൂചിപ്പിച്ച പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ ഫൗണ്ടേഷനായി മണ്ണ് കുഴിച്ചെടുക്കുന്നതിനായി DSOR ഡാറ്റ കോഡ് 2.8.1 പ്രകാരം ഒരു ക്യബിക് മീറ്ററിന് 296.98 രൂപ നിരക്ക് അനുവദിച്ചിട്ടുണ്ട്. (Cost Index 35.59).ടെൻടർ പ്രകാരം കാട്ട് ചെയ്ത നിരക്ക് 250.35 /M3 (15.7% കുറവ്) രൂപയാണ്. DSOR ഡാറ്റ കോഡ് 2.8.1 പ്രകാരമുള്ള ഈ ഇനം പ്രവൃത്തിയിൽ 1.5 മീറ്റർ വരെയുള്ള വീതിയിൽ മണ്ണ് കുഴിച്ചെടുക്കുന്നതിനാണ് ഈ നിരക്ക് അനുവദനീയമായിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയുടെ ഇ-എം ബുക്കിൽ 2 മീറ്റർ വീതിയിലാണ് മണ്ണ് കുഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വീതിയിൽ മണ്ണ് കുഴിക്കുന്നതിനായി DSOR ഡാറ്റ കോഡ് 2.6.1 പ്രകാരമുള്ള ഇനമാണ് അനുവദിക്കേണ്ടിയിരുന്നത്. ഈയിനത്തിന് അനുവദിക്കാവുന്നത് ഒരു ക്യബിക് മീറ്ററിന് 214.028 രൂപ എന്ന നിരക്കാണ്. അതിനാൽ ഈയിനത്തിൽ കരാറുകാരന് അധികം തുക നൽകാനിട വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എം ബുക്കിലെ ഐറ്റം നം	സൈഡ് കോൺക്രീറ്റിനായുള്ള എർത്ത് എക്സ്കവേഷൻ - ആകെ അളവ്	അനുവദിച്ച തുക (DSOR Item Code 2.8.1)	അർഹമായ തുക (DSOR Item Code 2.6.1)	കൂടുതൽ നൽകിയത്
1.003	43.962ക്യു. മീ	11005.89 (@250.35/M3- Rate As Per Agreed PAC)	7931.97 (@180.428/M3- Tender Variation- 15.7% Below)	3073.921= 3074

കരാറുകാരന് അധികരിച്ച് നൽകിയ 3074 രൂപ തിരികെ ഈടാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നം-30/16.09.2025) നൽകിയതിന് മേൽ തുക രസീത് നം.R-G081401-25002811 തീ.17.09.2025 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ തുക

കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-38 ആയുർവ്വേദാശുപത്രി മെയിന്റനൻസ്-പഴയ പ്രതലത്തിൽ പെയിന്റിംഗ് നടത്തുന്നതിന് പുതിയ പ്രതലത്തിന് നൽകുന്ന നിരക്ക് നൽകി

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം-90/25
എഗ്രിമെന്റ് നം-30/16.12.2024
കരാറുകാരൻ -സിദ്ദിഖ്.പി.ബി.
വകയിരുത്തിയ തുക-2,50,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)
ചെലവ്-2,25,379-വൗച്ചർ നം.42401704/24.03.2025
എഗ്രീഡ് പി.എ.സി-1,98,982
പഴയ പ്രതലത്തിൽ പെയിന്റിംഗ് നടത്തുന്നതിനായി തയ്യാറാക്കിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പുതിയ പ്രതലത്തിൽ പെയിന്റിങ്ങ് നടത്തുന്നതിനുള്ള DSOR Data Code. 13.60.1 പ്രകാരം 151.43/ച. മീ. എന്ന നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. DSOR Data Code 13.60.1 പ്രകാരമുള്ള നിരക്കിന് Tender Variation 5.79 % കുറവ് ചെയ്ത് 142.65/ച.മീ. രൂപ ആണ് നൽകിയ നിരക്ക്. DSOR Data Code. 13.60.1 പ്രകാരം, 10 ചതുരശ്ര മീറ്റർ പെയിന്റ് ചെയ്യുന്നതിന് 1.21 ലിറ്റർ പ്ലാസ്റ്റിക് എമൽഷൻ പെയിന്റ് ആവശ്യമാണ്. എന്നാൽ പഴയ പ്രതലത്തിൽ 10 ചതുരശ്ര മീറ്ററിൽ 0.9 ലിറ്റർ അക്രിലിക് എക്സ്റ്റീരിയർ ഉപയോഗിച്ച് (One Or More Coat) പെയിന്റ് ചെയ്യുന്നതിന് DSOR Data Code 14.66.2 പ്രകാരം ഡാറ്റ നിലവിലുള്ളതും, കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള നിരക്ക് 79.28 രൂപയുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Data Analysis Of 14.66.2

	MR Code	Description			Remarks	
		Unit	Quantity	Rate (₹)	Amount	Label
	Header Unit	Sqm	Header Quantity	10.0		
Header Details	Details Of Cost For 10 Sqm					
Material						M
8505		Acrylic Exterior Paint				
		Litre	0.9	170.0	153.0	M1
Carriage						C
9977		Carriage Of Materials				
		L.S	0.52	2.0	1.04	C1
Labour						L
0131		Painter				
		Day	0.33	679.0	224.07	L1
0115		Coolie				
		Day	0.17	558.0	94.86	L2
Tools & Plants						L
9999		Sundries Brushes, Sand Paper Etc				
		L.S	7.15	2.0	14.3	T1
9999		Sundries				
		L.S	8.06	2.0	16.12	T2

TOTAL	10.0	Sqm	503.39	
UNIT TOTAL	1	Sqm	50.34	
Water Charge @ 1.00 %		50.34	0.50	
TOTAL			50.84	
Contractors Profit & Overhead @ 15.00 %		50.84	7.63	
TOTAL			58.47	
Add Cost Index @35.59%			20.81	
Grand Total			₹79.28/Sqm	

പഴയ പ്രതലത്തിൽ പെയിന്റ് ചെയ്യുന്ന ഈ പ്രവൃത്തിയിൽ മുഴുവൻ വിസ്തീർണ്ണത്തിലും ഡാറ്റ 13.43.1 പ്രകാരം സിമെന്റ് പ്രൈമർ അടിച്ചിട്ടുള്ളതിനാൽ പെയിന്റിംഗ് നടത്തുന്നതിന് ഡാറ്റ 13.60.1 നു പകരം 14.66.2 പ്രകാരമുള്ള ഡാറ്റ മതിയാകുന്നതാണ്.

DSOR Data Code.14.66.2 ൽ കൂടിയ അളവിൽ പെയിന്റ് ഉൾപ്പെടുന്നുണ്ട് എന്നതിനാലും, കുറഞ്ഞ Unit Cost ഉം പരിഗണിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന ഡാറ്റ ഇനം. 14.66.2 ആയിരുന്നു. എന്നാൽ ഇതിനു പകരമായി ഡാറ്റ ഇനം.13.60.1 ഉൾപ്പെടുത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫൈനൽ ബില്ലിലെ ഇനം നം.1.010 പ്രകാരം 304.041ച.മീറ്ററും, എക്സ്ട്രാ ഇനം 98.671 ച.മീറ്ററും ഉൾപ്പെടെ, ആകെ 402.712 ച.മീറ്ററിന് 142.65 രൂപ (DSOR Data Code. 13.60.1 ന് Tender Variation 5.79 %കുറവ് ചെയ്ത് @142.65/) നിരക്കിൽ 57,447 രൂപ ചെലവഴിച്ചിട്ടുണ്ട്. DSOR Data Code.14.66.2 ന്റെ യൂണിറ്റ് നിരക്കായ Rs.79.28 രൂപയിൽ നിന്നും ടെണ്ടർ കുറവ് 5.79% കുറവ് ചെയ്ത് ച. മീറ്ററിന് 74.69 രൂപ പ്രകാരം 402.712 ച.മീറ്ററിന്- 30,079 രൂപയാണ് നൽകേണ്ടിയിരുന്നത്.
അധിക നിരക്കിലുള്ള ഡാറ്റ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാൽ 27,368 (57,447-30,079) രൂപ അധികം നൽകിയിട്ടുണ്ട്. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം-34/16.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച് തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-39 മണ്ണ് കുഴിക്കുന്നതിന് എസ്റ്റിമേറ്റിൽ കൂടിയ നിരക്കുള്ള ഇനം ഉൾപ്പെടുത്തി

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളിൽ, പരമാവധി 80 സെന്റീമീറ്റർ വീതിയിൽ ട്രഞ്ച് എടുത്ത് വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിച്ച ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ തൻവർഷം റിസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. റിസ്റ്റോറേഷൻ നടത്തുന്നതിന്റെ ഭാഗമായി ട്രഞ്ചുകളുടെ ഇരുവശത്തേയ്ക്കും ദീർഘിപ്പിച്ച് പരമാവധി 1.5 മീറ്റർ വരെ വീതിയിൽ ടാറിംഗ് പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുണ്ട്. റിസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 20 സെന്റീ മീറ്റർ ആഴത്തിൽ Earth Work Excavation, GSB, WMM, Prime Coat,Tack Coat, 20mm Premix Chipping Carpet, Seal Coat എന്നിങ്ങനെയുള്ള പ്രവൃത്തികൾക്കാണ് എഞ്ചിനീയറിഗ് വിഭാഗം തുക വകയിരുത്തിയിട്ടുള്ളത്.
ഇതിൽ 20 സെന്റീമീറ്റർ ആഴത്തിൽ മണ്ണ് കുഴിച്ച് മാറ്റുന്നതിന് DSOR 2018 MORD Data 3.5.1 (Excavation In Cutting In Soil By Manual Means With Lead Upto 50 M Excavation For Roadway In Soil Using Manual Means For Carrying Of Cut Earth To Embankment Site With A Lift Upto 1.5 M And Lead Upto 50 M As Per Technical Specification Clause 302.3) പ്രകാരം ക്യൂബിക് മീറ്ററിന് 358.50 രൂപയാണ് എടുത്തിരുത്തി ഗ്രാമപഞ്ചായത്തിലെ എല്ലാ റോഡ് പ്രവൃത്തികളിലും നിരക്ക് കണക്കാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ തൊട്ടടുത്തുള്ള മതിലകം ബ്ലോക്കിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ മിഷൻ ഗ്രാമീണ റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികളിൽ മണ്ണ് കുഴിച്ചെടുക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയിട്ടുള്ള എസ്റ്റിമേറ്റിൽ Mord Data 3.5.2 ആണ്. (Excavation In Soil Using Hydraulic Excavator And Tippers With Disposal Upto 1000 M Excavation For Roadwork In Soil With Hydraulic Excavator Of 0.9 Cum Bucket Capacity Including Cutting And Loading In Tippers, Trimming Bottom And Side Slopes, In Accordance With Requirements Of Lines, Grades And Cross-Sections, And Transporting To The Embankment Location With A Lift Upto 1.5 M And Lead Upto 1000 M As Per Technical Specification Clause 302.3) പ്രൈസ് സോഫ്ട്വെയറിലുള്ള ഈ അംഗീകൃത ഡാറ്റയുടെ നിരക്ക് 36.24/M^3 മാത്രമാണ്. Mord Data 3.5.3 ന് 83.52/M^3 രൂപയുമാണ് Dsor 2018 പ്രകാരം അനുവദിക്കാവുന്ന നിരക്ക്.കൂടിയ അളവിൽ മണ്ണ് കുഴിച്ച് മാറ്റേണ്ടി വരുന്ന പ്രവൃത്തികളിൽ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ പ്രവൃത്തി നടത്തുന്നതിനുള്ള Mord Data 3.5.2, Mord Data 3.5.3 പ്രകാരമുള്ള നിരക്കുകളാണ് അനുവദിക്കാവുന്നത്.

റോഡുകളിലെ കാനനിർമ്മാണം, റിസ്റ്റോറേഷൻ പ്രവൃത്തികൾ എന്നിവയിൽ ഭൂരിഭാഗവും മനുഷ്യ അധ്വാനവും, യന്ത്രസഹായവും ഉപയോഗിച്ചാണ്

നിർവ്വഹിക്കപ്പെടുന്നത് എന്നതിനാൽ ഈ പ്രവൃത്തിയ്ക്കായി DSoR Mord Data 2.8.1 പ്രകാരമുള്ള (Earth Work In Excavation By Mechanical Means (Hydraulic Excavator) /Manual Means In Foundation Trenches Or Drains (Not Exceeding 1.5 M In Width Or 10 Sqm On Plan), Including Dressing Of Sides And Ramming Of Bottoms, Lift Up To 1.5 M, Including Getting Out The Excavated Soil And Disposal Of Surplus Excavated Soil As Directed, Within A Lead Of 50 M.) എന്ന Data യുടെ Observed Data തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്നതാണ് കൂടുതൽ അഭികാമ്യം. എന്നാൽ പൂർണ്ണമായും മനുഷ്യ അദ്ധ്വാനം വിനിയോഗിച്ച് പ്രവൃത്തി നടത്തിയതിനുള്ള നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ ഈയിനത്തിൽ അധികം തുക ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

തെറ്റായ ഡാറ്റ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഉയർന്ന നിരക്ക് അംഗീകരിച്ച് നൽകിയതും മൂലം സമാന പ്രവൃത്തികളിൽ തൊട്ടടുത്ത ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയ നിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായതായി കാണാം. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നമ്പർ/ പേര്	കുഴിച്ചെടുത്ത മണ്ണിന്റെ അളവ് M3 ൽ	3.5.1 പ്രകാരം നിരക്ക് 358.5/ M3	3.5.3 പ്രകാരം നിരക്ക് 83.52/M3	അധികം നൽകിയ തുക	ബിൽ/ ഫൈനൽ ബിൽ തുക	റിമാർക്സ്
1	187/25 ബാലബോധിനി റോഡ്	33.460	10,423.79 (കാട്ട് ചെയ്ത നിരക്ക് 311.53/M3)	2,795	7,628.79	5,91,424	7,699 രൂപ വാല്യുവേഷൻ കണക്കാക്കി സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.
2	188/25 ശാസ്ത്രി റോഡ്	44.75,ഇനം.1	15671.25 (കാട്ട് ചെയ്ത നിരക്ക് 350/M3)	3,738	11,933	1,62,202	29,126 രൂപ വാല്യുവേഷൻ കണക്കാക്കി സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. (പണിക്കശ്ശേരികടവ് റോഡിലെ മണ്ണ് ഉൾപ്പടെ126.575m3)
3	284/25 കണ്ണനാംകുളം ഹാൾ റോഡ്	35,ഇനം.1	12425 (കാട്ട് ചെയ്ത നിരക്ക് 355/M3)	2,923	9,502	99,802	8,054 രൂപ വാല്യുവേഷൻ കണക്കാക്കി സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.
4	286/25 രാമകുളം റോഡ്	84.998,ഇനം.1	30174.29 (കാട്ട് ചെയ്ത നിരക്ക് 355/M3)	7,099	23,075	2,42,370	19,599 രൂപ വാല്യുവേഷൻ കണക്കാക്കി സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.
